# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 2 No. 10 THE ONLINE OFFICIAL NEWS BULLETTIN 2019 March 9


| വലിയ നോമ്പുകാലം | SEASON OF GREAT LENT | ܡܘܥܕܐ ܕܨܘܡܐ ܪܒܐ | | | | |
|---|---|---|---|---|---|---|
| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|  ♪2 10 hadbšabo d Garbo (Leper) 2nd Sunday of Great Lent | ♪6 11 | ♪2 12 | ♪6 13 | ♪2 14 | ♪6 15 | ♪2 16 |



## കാലത്തിന്റെ ജീർണ്ണതകളെ തടുക്കുന്ന കാവലാളവുക: പ. കാതോലിക്കാബാവ

കുന്നംകുളം: അഖില മലങ്കര സെന്റ് തോമസ് വൈദീകസംഘത്തിന്റെ മലബാർ സോൺ ഏകദിനസമ്മേളനം കുന്നംകുളം ആർത്താറ്റ് അരമനയിൽ വച്ച് നടന്നു. പ. കാതോലിക്കാ ബാവ സമ്മേളനം ഉദ്ഘാടനം ചെയ്തു. സാക്ഷ്യമുള്ള വൈദീകശുശ്രൂഷയിലൂടെ കലുഷിതമായ സാമൂഹികജീർണ്ണതകളെ അതിലംഘിക്കുവാനും, സ്നേഹത്തിലധിഷ്ഠിതമായ സമൂഹനിർമ്മിതിക്ക് നേതൃത്വം നൽകുവാനും പരിശുദ്ധ ബാവ ആഹ്വാനം ചെയ്തു. വൈദീകർ കാലത്തിന്റെ ജീർണ്ണതകളെ തടയുന്ന നല്ല കാവൽക്കാരായിരിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. കാലം ചെയ്ത തോമസ് മാർ അത്താനാസ്യോസ്, സഖറിയാ മാർ തെയോഫിലോസ് എന്നീ പിതാക്കന്മാരുടെ കാലവിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

ചർച്ച്ബിൽ ഉപയോഗിച്ച് കേരളത്തിലെ സഭാസമൂഹത്തെ രാഷ്ട്രീയനിയന്ത്രണത്തിൽ കൊണ്ടുവരുവാനുള്ള സർക്കാർ നീക്കത്തിനെതിരെ യോഗം പ്രമേയവതാരണത്തിലൂടെ പ്രതിഷേധം രേഖപ്പെടുത്തി. ഫാ. ഡോ. തോമസ് അമയിൽ വിഷയാവതരണം നടത്തി.

പരിശുദ്ധ സഭയ്ക്ക് നീതിനിഷേധിക്കപ്പെടുന്ന എല്ലാ മേഖലകളിലെയും വിശ്വാസ സമൂഹത്തിന് വൈദീകസംഘം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. പുന്നകൊമ്പിൽ കോർ എപ്പിസ്കോപ്പാ പ്രമേയം അവതരിപ്പിച്ചു.

വിവിധ വിഷയങ്ങളിൽ കേരളത്തിലെ വിവിധ സർവ്വകലശാലകളിൽ നിന്ന് പി.എച്ച്.ഡി ബിരുദം കരസ്ഥമാക്കിയ ഫാ. ഡോ. സണ്ണി ചാക്കോ, ഫാ.ഡോ. തോമസ് അമയിൽ, ഫാ. ഡോ. ജോൺ സഖറിയ എന്നീ വൈദീകരെ പ. ബാവ പൊന്നാട അണിയിച്ച് ആദരിച്ചു.

അഖില മലങ്കര സെന്റ് തോമസ് വൈദീകസംഘം പ്രസിഡണ്ട് അഭി.ഡോ. മാത്യുസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച യോഗത്തിൽ മാത്യൂസ് മാർ തേവോദോസ്യോസ് തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. സെമിനാരി അധ്യാപകൻ ഫാ. ഡോ. റെജി ഗീവർഗീസ് ക്ലാസ് നയിച്ചു. വൈദീക സംഘം കേന്ദ്ര സെക്രട്ടറി ഫാ. ഡോ. തോമസ് അമയിൽ, ഫാ. സഖറിയാ നൈനാൻ ചിറത്തിലാട്ട്, മലബാർ സോൺ സെക്രട്ടറി ഫാ. ബേബി ജോൺ കളീക്കൽ, കുന്ദംകുളം വൈദീക സംഘം സെക്രട്ടറി ഫാ. ടി. സി. ജേക്കബ്ബ്, ഫാ. ജോബി എന്നിവർ നേതൃത്വം നൽകി.



പഴഞ്ഞി പഴയപള്ളി കൂദാശ




പാമ്പാടി സെൻട്രൽ ഓർത്തഡോക്സ് കൺവൻഷൻ പരിശുദ്ധ കാതോലിക്ക ബാവ ഉദ്ഘാടനം ചെയ്യുന്നു!



ചെങ്ങന്നൂർ കൺവൻഷൻ ഉദ്ഘാടനം


Published By H.G.Dr.Geevarghese Mar Yulios Media Department President-MOSC

# എനിക്കു മനസ്സുണ്ട്; ശുദ്ധമാക!



## ഡോ. ഗീവർഗീസ് മാർ യൂലിയോസ്

ഭക്ഷണമോഹത്താൽ പറുദീസയിൽ നിന്നും നിഷ്കാസിതനായ ആദാമിന്റെ അവസ്ഥയിൽ നിന്നും മാറി ദൈവവചനമാകുന്ന ഭക്ഷണം ആസ്വദിച്ച് പാപക്കറകളെ കഴുകികളഞ്ഞ് ആത്മ-ശരീര-മനസ്സുകളെ പ്രോജ്വലിപ്പിക്കുന്ന അനുഭവത്തിൽ രക്ഷാകരമായ വലിയ നോമ്പിന്റെ ആദ്യ ആഴ്ച പിന്നിടുവാൻ നമുക്ക് സാധിച്ചുവെന്ന് കരുതട്ടെ.

നോമ്പിന്റെ അനുഷ്ഠാനങ്ങൾ ആത്മപ്രശംസയ്ക്കോ മറ്റുള്ളവരുടെ മുന്നിൽ വിളങ്ങേണ്ടതിനോ ആകരുത് എന്ന് പ്രവാചകന്മാരും പിതാക്കന്മാരും ഒരുപോലെ നമ്മെ ഓർമ്മിപ്പിക്കുന്നതിനാൽ അതീവ ശ്രദ്ധയോടും പൂർണ്ണ ദൈവാശ്രയത്തോടും കൂടെയായിരിക്കണം നാം നോമ്പ് ആചരിക്കുന്നത്. ശരീരം ഭക്ഷണത്തെ വെടിയുമ്പോൾ ഇന്ദ്രിയങ്ങൾ സർവ്വ തിന്മകളെയും വെടിയുകയും അങ്ങനെ മനസ്സ് നിർമ്മലമാവുകയും അപ്പോൾ ആത്മാവ് നമ്മിൽ പ്രകാശിതമാവുകയും ചെയ്യുമെന്ന അടിസ്ഥാനതത്വം എപ്പോഴും ഓർക്കണം. ആത്മ-ശരീര-മനസ്സുകളെ എങ്ങനെ വിശുദ്ധിയിൽ നിലനിർത്താമെന്ന് നമ്മുടെ കർത്താവ് പഠിപ്പിക്കുന്ന ഭാഗങ്ങളായിരുന്നുവല്ലോ ആദ്യ ആഴ്ചയിലെ വി. ഏവൻഗേലിയോനുകൾ. ഗിരിപ്രഭാഷണം എന്ന് അറിയപ്പെടുന്ന കർത്താവിന്റെ പഠിപ്പിക്കലുകളുടെ ക്രോഡീകരണമായി വി. മത്തായി ശ്ലീഹായുടെ സുവിശേഷം 5, 6, 7 അദ്ധ്യായങ്ങളും സമാന്തരങ്ങളായ മറ്റു സുവിശേഷഭാഗങ്ങളും ശ്രേഷ്ഠമായ ആരാധനയുടെ മദ്ധ്യേ കർത്താവിന്റെ ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ കൽപനകളായി നാം കേൾക്കുകയും സ്വീകരിക്കുകയും ചെയ്തുവെങ്കിൽ സ്വർഗ്ഗീയ പിതാവ് സൽഗുണ സമ്പൂർണ്ണനായിരിക്കുന്നതുപോലെ നാമും സൽഗുണ പൂർണ്ണരാകുവാൻ ഇടയാകണം.

ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; എന്നാൽ ദേഹത്തെയും ദേഹിയെയും നിത്യനരകത്തിൽ എത്തിക്കുന്ന അവസ്ഥയെയാണ് നിങ്ങൾ പേടിക്കേണ്ടത് എന്ന മുന്നറിയിപ്പും നമുക്ക് നൽകുന്നു (വി. മത്തായി 10:28).

"പ. നോമ്പിനെ തന്റെ ഐഹിക ജീവിതത്താൽ ഞങ്ങളെ പഠിപ്പിച്ച മശിഹാതമ്പുരാനെ!" എന്ന സംബോധനയോടെയാണ് പ്രാർത്ഥനകൾ നാം ഉരുവിടുന്നത്. വി. 40 നോമ്പിനാൽ മോശ ന്യായപ്രമാണ കൽപനകളെ പ്രാപിച്ചു; ഏലിയാ പൂർണ്ണത പ്രാപിച്ചു; പ്രവാചകന്മാരുടെ നാഥനായ ക്രിസ്തു ആകൽകറുസ്സായെ അടിമപ്പെടുത്തി വൈരിയായ പിശാചിനെ തോൽപിച്ച് ഓടിച്ചു. "മായാമോഹങ്ങളെ പൂർണ്ണമായി അകറ്റി ശരീരത്തെ ക്ഷീണിപ്പിച്ച് വിനയപ്പെടുത്തി ആത്മാവിനെ പ്രശോഭിപ്പിക്കുന്ന വി. നോമ്പേ സമാധാനത്തോടെ വരിക!" എന്നതാകട്ടെ ഈ ദിനങ്ങളിലെ പ്രാർത്ഥന.

മേഥുശലേഹ് വി. നോമ്പിനാൽ ശ്രേഷ്ഠത പ്രാപിച്ചതും ശേത്തും, ഹാനോക്കും, നോഹയും വി. നോമ്പിനാൽ രക്ഷ പ്രാപിക്കുകയും ജനതയെ രക്ഷയിലേക്ക് നയിച്ചതും നോമ്പിനാൽ അബ്രഹാം വിഗ്രഹാരാധനയിൽ നിന്നും സത്യ ഏകദൈവ ആരാധനയിലേക്ക് ലോകത്തെ തിരിച്ചതും നോമ്പിനാൽ ലോത്ത് സോദോമിലെ അഗ്നിയിൽ നിന്നും രക്ഷ പ്രാപിച്ചതും നീതിമാനും വിശുദ്ധനുമായ യാക്കോബ് നോമ്പിനാൽ ശ്രേഷ്ഠത പ്രാപിച്ച് ദൈവദൂതനോട് പോരാടുവാൻ പ്രാപ്തനാവുകയും സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയായ രക്ഷകന്റെ ആഗമനത്തെ ദീർഘദർശനം ചെയ്തതും പുണ്യവാനായ യൗസേപ്പ് വിശുദ്ധിയിലും നിർമ്മലതയിലും അലങ്കരിക്കപ്പെടുകയും പുരോഹിതനായ അഹറോൻ വി. നോമ്പിനാൽ പൗരോഹിത്യത്തിന്റെ അങ്കി ധരിപ്പാൻ പ്രാപ്തനായതും ഫിനഹാസ് ദൈവകോപത്തെ ഛേദിച്ചുകളഞ്ഞതും യോശുവാ യെരീഹോ പട്ടണത്തിന്റെ കോട്ടകളെ തകർത്തതും രാജാവും പ്രവാചകനുമായ ദാവീദിന്റെ പാപങ്ങൾ നോമ്പിനാലും ഉപവാസത്തോടെയുള്ള അനുതാപത്താലും പരിഹരിക്കപ്പെട്ടതും ഏലിയാ വി. നോമ്പിനാൽ ഹോറേബിലെത്തിയതുമെല്ലാം ഈ ദിവസങ്ങളിൽ നാം ധ്യാനിക്കുന്നു.

വി. നോമ്പിനാൽ ശുദ്ധീകരിക്കപ്പെട്ട ഏലീശായുടെ അസ്ഥികൾ മരിച്ചവനെ ഉയിർപ്പിക്കുവാൻ ശക്തിയുള്ളതായി തീർന്നുവെന്നും ഹനനിയാ ആദിയായ പൈതങ്ങൾ നോമ്പിനാൽ അഗ്നിച്ചൂളയെ കെടുത്തിയെന്നും ദാനിയേൽ സിംഹകുഴിയിൽ നിന്നും യോനാ സമുദ്രമത്സ്യത്തിൽ നിന്നും യിരമിയാ പ്രവാചകൻ ചെളികുണ്ടിൽ നിന്നും രക്ഷപ്രാപിച്ചുവെന്നും വി. പിതാക്കന്മാർ നമ്മെ ഓർപ്പിക്കുന്നു!

മണ്ണ് (Earth), ജലം (Water), വായു (Air), അഗ്നി (Fire), ആകാശം (Aether) എന്നീ അടിസ്ഥാന പഞ്ചമൂലകങ്ങളാലാണ് പ്രപഞ്ചസൃഷ്ടി എന്ന് ഭാരതീയ തത്വശാസ്ത്രവും ഒപ്പം ബാബിലോണിയൻ-ഗ്രീക്ക്, ജാപ്പനീസ് തത്വചിന്തകളും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നു. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചുവെന്ന്" വി. വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. ഭൂമിയിൽ മണ്ണ്, വെള്ളം, വായു, അഗ്നി എന്നിവ ഉണ്ടെന്നും കാണുന്നു എന്നു മാത്രമല്ല മണ്ണു കുഴച്ച് ഒരു മനുഷ്യനെ സൃഷ്ടിച്ച് അവനിൽ ശ്വാസം ഊതി എന്നും വായിക്കുന്നു. അവന്റെ മനസ്സ് അഥവാ ചിന്താമണ്ഡലം അഗ്നിയും അവന്റെ ആത്മഭാവം ആകാശം അഥവാ സ്വർഗ്ഗവുമാണെന്ന് വചനത്തിൽ ഉടനീളം കാണുന്നുമുണ്ട്.

സ്രഷ്ടാവായ ദൈവം സൃഷ്ടിയുടെ രൂപത്തിലേക്ക് ഇറങ്ങിവന്ന് 'മണ്ണാൽ മെനയപ്പെട്ട' ആദമിനെ അവന്റെ പാപാവസ്ഥയിൽ നിന്നും ഉദ്ധരിച്ചുവെന്നത് വി. നോമ്പിലെ അടിസ്ഥാന ചിന്തകളിൽ ഒന്നാണ്. മനുഷ്യ ആകൃതി സ്വീകരിച്ച കർത്താവ്, കനി തിന്ന് അത്യാഗ്രഹത്താൽ മരിച്ചുപോയവനെ ജീവിപ്പിച്ച് തന്റെ രൂപത്തെ പുതുക്കുകയും വീണുപോയ മനുഷ്യസ്വഭാവത്തെ ഉയർത്തുകയും ചെയ്യുന്നു. ഭൂമിയിൽ ചതുർഭൂതങ്ങളാൽ നിർമ്മിതനായ മനുഷ്യൻ സ്വർഗ്ഗോന്നതി പ്രാപിക്കുന്നതിനു മുമ്പ് താഴ്ചയിൽ ആയപ്പോൾ സ്രഷ്ടാവ് ആ താഴ്ചയിലേക്ക് ഇറങ്ങി വരികയും അവനെ കോരിയെടുക്കുകയും ചെയ്യുന്നു. വീഴ്ചയാൽ ബലഹീനത പ്രാപിച്ച ചതുർഭൂതങ്ങളെ തന്റെ വി. നാൽപ്പതു നോമ്പിനാൽ ശക്തിപ്പെടുത്തുവാനായി നാലിന്റെ പത്തിരട്ടിയായ നാൽപതിനാൽ അവൻ ശുദ്ധീകരിച്ച് ദൃഢീകരിച്ചുവെന്നാണ് പിതാക്കന്മാർ നൽകുന്ന വ്യാഖ്യാനം. നാൽപതു നോമ്പും നാൽപതു കുമ്പിടീലും ഒക്കെ ഈ വ്യാഖ്യാനത്തിൽ അർത്ഥമുള്ളതാകുന്നു.

"കർത്താവേ! ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും ശുശ്രൂഷകളും, നോമ്പാൽ നിനക്ക് ഇഷ്ടന്മാരായിത്തീർന്ന സിദ്ധന്മാരുടെയും, സൽക്രിയകളാലും പ്രാർത്ഥനകളാലും നിന്നെ പ്രീതിപ്പെടുത്തിയ വ്രതനിഷ്ഠക്കാരുടെയും പുണ്യശുശ്രൂഷകളോടൊന്നിച്ച് കൈക്കൊള്ളപ്പെടുമാറാകണമെ" എന്ന ഹൂത്തോമോ പ്രാർത്ഥനയോടെയാണ് നോമ്പിലെ ആദ്യവാരം അവസാനിക്കുന്നത്.

വി. നോമ്പിന്റെ ഈ വലിയ പാരമ്പര്യത്തെ പ. സഭയുടെ ആരാധന ജീവിതത്തിലേക്ക് ഉയർന്ന വേദശാസ്ത്ര ചിന്തകളടങ്ങിയ അതിമനോഹര സംഗീതശാസ്ത്രത്താൽ സന്നിവേശിപ്പിച്ച പ. റൂഹായുടെ കിന്നരമെന്ന് അറിയപ്പെടുന്ന വി. അപ്രേമിന്റെയും പ. ദേവാലയത്തിന്റെ അളവുകളും വിരിപ്പുകളും ചമയങ്ങളും ഒരുക്കുവാൻ അതീവ നൈപുണ്യം കാണിച്ച മാർ തേവോദോറോസ് സഹദായുടെയും സംയുക്ത ഓർമ്മപെരുന്നാൾ ആഘോഷിച്ചുകൊണ്ടാണ് ശനിയാഴ്ച നാം വി. കുർബാന അർപ്പിച്ചത്. വി. നോമ്പിന്റെ ആദ്യവാരാന്ത്യത്തിൽ ഓർക്കപ്പെടുവാൻ ഏറ്റവും അനുയോജ്യരായ പിതാക്കന്മാരാണ് ഇവർ എന്ന് അവരുടെ ചരിത്രം പഠിക്കുമ്പോൾ മനസ്സിലാക്കാം.

'മനുഷ്യരോടുള്ള സ്നേഹം മൂലം ഭൂവാസികളുടെ രോഗങ്ങളെയും കറകളെയും ഇല്ലാതാക്കുവാൻ' ഇറങ്ങിവന്നവൻ തന്റെ പരസ്യശുശ്രൂഷയുടെ ഭാഗമായി കുഷ്ഠരോഗികൾക്കും, പക്ഷവാതരോഗികൾക്കും, വിവിധ രീതികളിൽ

പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മുടന്തനും കുരുടനും കൂനിയ്ക്കും എല്ലാം സൗഖ്യം കൊടുക്കുന്ന സംഭവങ്ങളാണ് തുടർന്നുള്ള ദിവസങ്ങളിലെ ധ്യാനചിന്തകൾ.

പകരുന്നതും മാരകമായ രൂപഭംഗം ഉണ്ടാകുന്നതുമായ കുഷ്ഠരോഗം ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ശിക്ഷയും ശാപവുമായി എണ്ണുകയും അവനെ സമൂഹത്തിൽ നിന്നും ഏറെ ദൂരെ നിർത്തുകയും ചെയ്തിരുന്ന കാലത്താണ് കർത്താവ് അവന്റെ അടുക്കൽ എത്തുന്നത്. സാക്ഷാൽ സ്വർഗ്ഗീയ വൈദ്യനായ കർത്താവേ! എന്നാണ് പിതാക്കന്മാർ സംബോധന ചെയ്യുന്നത്.

പരസ്യശുശ്രൂഷയുടെ പ്രാരംഭത്തിൽ തന്റെ സ്വന്ത പട്ടണക്കാർ അവനെ സ്വീകരിക്കാതിരിക്കുകയും വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നത് നാം കണ്ടുവല്ലോ. അവരുടെ അവിശ്വാസം നിമിത്തം അവിടെ യാതൊന്നും പ്രവർത്തിക്കുവാൻ അവന് കഴിഞ്ഞില്ല എന്നും വായിക്കുന്നു. എന്നാൽ കഠിനമായ കുഷ്ഠരോഗം ബാധിച്ച മനുഷ്യൻ തന്റെ സ്രഷ്ടാവിനെ തിരിച്ചറിയുന്നു. തന്റെ രോഗത്തെ സൗഖ്യമാക്കുവാൻ അധികാരമുള്ളവനാണ് മുന്നിൽ നിൽക്കുന്നത് എന്ന തിരിച്ചറിവോടെയാണ് 'നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ നിനക്കു കഴിയും' എന്ന് അവൻ വിശ്വസിച്ച് യാചിക്കുന്നത്. പാപത്താൽ വിരൂപമാക്കപ്പെട്ട സൃഷ്ടിയുടെ പ്രതീകമാണ് ആ കുഷ്ഠരോഗിയും അവന്റെ പ്രാർത്ഥനയും. കർത്താവ് അവനിലേക്ക് ചെന്ന് കൈ നീട്ടി അവനെ തൊട്ട് 'എനിക്ക് മനസ്സുണ്ട്; നീ ശുദ്ധമാവുക' എന്ന് കൽപിക്കുന്നു!

അവനിൽ വിശ്വസിച്ച് അവനോട് യാചിക്കുവാനും അങ്ങനെ പാപത്താൽ പഴകിയ നമ്മുടെ തീവ്രകുഷ്ഠരോഗം സൗഖ്യപ്പെടുവാനും അവനോട് യാചിക്കുവാനുള്ള അവസരമാണ് ഒരുങ്ങിയിരിക്കുന്നത്. ദാവീദ് പുത്രാ, എന്നോടു കരുണ തോന്നണമെ എന്ന് നമുക്കും പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ!

**Article**

# It happened in Cana of Galilee!

**Fr. Jacob Anish Varghese ( Bombay Diocese )**

*Jesus did this as the beginning of his signs in Cana of Galilee and so revealed His glory, and His disciples began to believe in Him" (John 2:11).*

The first of Our Lord's great "signs" was the transformation of water into wine at the marriage in Cana of Galilee. In typical Johannine style, the story is not recorded for its sentimental or entertainment value, but for its theological significance. This story is a "sign", a symbol, a revealing, an epiphany — showing us God at work in our world, teaching us important lessons about God and about ourselves.

Jesus had been invited to the marriage there together with His mother and disciples. When the wine ran out, and when this presumably was going to spoil the festive atmosphere of the wedding – or perhaps embarrass the bridegroom and the bride – the mother of Jesus intervened.

Let us look at some of the elements mentioned in the gospel narrative, in order to have a deeper understanding of the unfolding of the Kingdom of God.

**1. The water used for transformation:**

The water which Jesus transforms isn't just any water, but water stored for the ritual washings prescribed by Old Testament Law. This water is symbolic of the Old Law, of the old way of doing things.

**2. The number of jars present:**

Even the number of jars is significant; the number seven signified completion or perfection in Jewish and early Christian writings, so the presence of six jars tells us that the old way of doing things is incomplete and imperfect. The amount of wine that results is also significant; the party went from having no wine (a shameful breach of hospitality) to having somewhere between 120 and 180 gallons (more than they could possibly use), furthermore it was wine of the highest quality. Several of the Old Testament prophets had used the image of a super-abundance of wine to describe what life would be like when the messiah arrived. By changing Old Testament water into the new wine of Christ, we are told that the old age has passed away and that the kingdom of God has come.

**3. The banquet setting:**

The setting for this miracle, this revealing, is also very appropriate; this sign takes place at a feast, a banquet, at a wedding. It is a fore-taste of the heavenly banquet at the marriage between the Lamb and his bride, the Church, which St. John records in his Revelation.

**4. "On the third day.."**

"We are told that, "on the third day there was a wedding…" Here Jesus is glorified on the third day, even as he rose from the dead on the third day after his crucifixion.

**Why did Jesus refer to His mother as 'woman'?**

In the Gospel of St. John, and in the narrative of this event, Jesus even goes on to call his mother, as 'woman', certainly a strange term for a Jewish man to use for his mother. Only a reading of the gospel passage with clarity and typological insight will reveal the use of term 'woman' as a symbol of the 'new eve'. Virgin Mary here is the counterpart to the "woman" in the garden of Eden (Genesis 3). The mother of Jesus is the "New Eve" who will act in a way that is in harmony with the will of God, and not in a way that will subvert that will.

According to the Raymond E. Brown, "In this light we can compare the woman in the Garden of Eden who led Adam to the first evil act with the woman at Cana who leads the new Adam to his first glorious work. In the prophecy of Genesis we hear that God will put enmity between the woman and the serpent and that her seed will crush the serpent. In calling his mother "woman," Jesus may well be identifying her with the new Eve who will be the mother of his disciples as the old Eve was the 'mother of all the living.' She can play her role of intercession, however, only when her offspring on the cross has crushed the serpent" (The Gospel and Epistles of John: A Concise Commentary)

**The glory of God**

Nothing is superfluous or meaningless in St. John's writing. John uses this story to help explain the glory of God. John tells us that in this miracle Jesus "manifested his glory; and his disciples believed in him." "Glory" is a very important biblical concept; sometimes it is used to refer to worship. To — give God the glory — means to worship Him remembering what he has done for us, but most often the term "glory" is used to refer to a revealing of God's presence, of realising and knowing that God is in our midst.

**Do whatever he tells you…**

There is yet another very important lesson revealed to us in this passage. How often does something go wrong in our lives, something that we don't understand, something that must be fixed, yet we don't know how? Look at the example of Mary's faith in Jesus in this story. She instinctively turned to him when something went wrong; she knew that he would take care of it. She did not know what he would do, yet she trusted in him completely, saying to the servants, "do whatever he tells you". What wonderful advice she gives to us, "do whatever he tells you"— and all will be well. Mary had faith that could trust, even when she did not completely understand. She knew that by trusting and following her Son everything would turn out all right. Her love, her trust, her faith kept her close to her Son, even through the agony of the Cross. May we have the strength to follow her example and obey her direction, "do whatever he tells you".

ലേഖനം

# ശുബ്ക്കോനോ: ഒരു അനുഭവം

### ഫാ. ഡോ. കെ. എം. ജോർജ്

സുറിയാനി ആരാധനാ പാരമ്പര്യത്തിലെ അർത്ഥപൂർണ്ണവും ഹൃദയസ്പർശിയുമായ ഒരു അനുഷ്ഠാനമാണ് വലിയ നോമ്പിലെ ശുബ്ക്കോനോ ശുശ്രൂഷ. കഴിഞ്ഞ ദിവസം ഞങ്ങൾക്കു ചിലർക്കുണ്ടായ ഒരനുഭവമാണ് ഇവിടെ കുറിക്കുന്നത്.

ബാംഗ്ലൂർ വൈറ്റ്ഫീൽഡിൽ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിൽ, സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ചിത്രകലാകാരന്മാരുടെ ഒരു കൂട്ടായ്മ (CARP)* നടത്തിയ ശിൽപ്പശാലയിൽ നാഗ്പൂർ സെമിനാരിയിലെ ഐക്കണോഗ്രാഫറും വിദ്യാർത്ഥിയുമായ റിജോ, തണ്ണിത്തോട്ടിൽ നിന്നുള്ള മ്യൂറൽ ആർട്ടിസ്റ്റും അദ്ധ്യാപകനുമായ ജിതിൻ എന്നിവർ എന്നോടൊപ്പം പങ്കെടുത്തു. കത്തോലിക്കാ സഭയിലെ വിവിധ സന്യാസ സമൂഹങ്ങളിൽപ്പെട്ട വൈദികരും കന്യാസ്ത്രീകളുമായ ആർട്ടിസ്റ്റുകൾ, ബാംഗ്ലൂർ യൂ. റ്റി. കോളജ് വിദ്യാർത്ഥികൾ, ഹൂബ്ലിയിലെ ടിബറ്റൻ ബുദ്ധമതാശ്രമത്തിലെ സന്യാസിമാർ തുടങ്ങി വിവിധ ചിത്രകലാധാരകളെ പ്രതിനിധാനം ചെയ്യുന്നവരായിരുന്നു ഞങ്ങളുടെ സംഘം. വലിയനോമ്പ് തുടങ്ങുന്ന തിങ്കളാഴ്ച ഉച്ചയ്ക്ക് ഇ.സി.സി. ചാപ്പലിൽ ഞങ്ങൾ എല്ലാവരെയും ശുബ്ക്കോനോ ശുശ്രൂഷയ്ക്ക് ക്ഷണിച്ചു. ബാംഗ്ലൂരിലെ പ്രമുഖ കമ്പനിയുടെ ചെയർമാനും കലാസ്നേഹിയുമായ ശ്രീ. നരേഷ് പൊന്നപ്പ ഞങ്ങളുടെ ചിത്രകലാ പ്രദർശനം ഉദ്ഘാടനം ചെയ്യാൻ വന്നിരുന്നു. അദ്ദേഹവും താൽപര്യപൂർവ്വം ശുബ്ക്കോനോയ്ക്ക് വന്നു. വളരെ യാദൃച്ഛികമായിട്ടായിരിക്കാം, തൊട്ടുമുമ്പ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പരസ്പരം ക്ഷമിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞു. ശക്തരായവർക്കു മാത്രമേ മറ്റുള്ളവരോട് പൊറുക്കാൻ കഴിയൂ; അങ്ങനെയാണ് നാം നമ്മുടെ ശക്തി പ്രകടിപ്പിക്കേണ്ടത് എന്ന് വളരെ ഉൾക്കാഴ്ചയോടെ നരേഷ് പ്രസംഗിച്ചു. ശുബ്ക്കോനോയെക്കുറിച്ച് അദ്ദേഹത്തിന് ഒന്നും മുൻകൂട്ടി അറിവില്ലായിരുന്നെങ്കിലും, അതിന്റെ സാരാംശമാണ് അദ്ദേഹം കലയോടു ബന്ധിപ്പിച്ച് പ്രസംഗിച്ചത്. അത് കൃത്യമായും ഒരു ശുബ്ക്കോനോ പ്രബോധനം പോലെ തോന്നി.

ചാപ്പലിൽ ബുദ്ധസന്യാസിമാരും, ഹൈന്ദവ സ്നേഹിതരും, വിവിധ ക്രിസ്തീയ സഭാംഗങ്ങളും വന്നു കൂടി. സീനിയർ വൈദികൻ എന്ന നിലയിൽ, ശുശ്രൂഷ നടത്താനുള്ള ചുമതല എനിക്കായിരുന്നു. ഉചിതമായ ചില പ്രാർത്ഥനകൾ ഇംഗ്ലീഷിൽ നടത്തി. കൊച്ചിയിൽ എഴുത്തുമാസികയുടെ പത്രാധിപരും ചിത്രകാരനുമായ ഫാ. റോയി തോട്ടത്തിൽ എസ്. ജെ. വി. മത്തായിയുടെ സുവിശേഷം 8–ാം അദ്ധ്യായത്തിൽ നിന്ന്, ക്ഷമയെക്കുറിച്ചുള്ള കർത്താവിന്റെ പ്രബോധനം വായിച്ചു. ഫ്രാൻസിസ് മാർപാപ്പാ, വലിയനോമ്പ് അനുഷ്ഠിക്കുന്നതിനെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ ചിത്രകാരനും കവിയും കോളജ് അദ്ധ്യാപകനുമായ ഫാ. സുനിൽ ജോസ് സി.എം.ഐ. വായിച്ചു. അനുരഞ്ജനത്തെക്കുറിച്ചും ഒരുമയെക്കുറിച്ചും കർത്താവായ യേശു പഠിപ്പിച്ചത് വീണ്ടും ഞങ്ങൾ അനുസ്മരിക്കയും, അൽപ്പസമയം മൗനമായിരുന്ന് എല്ലാവരും ധ്യാനിക്കയും ചെയ്തു. ഓർത്തഡോക്സ് രീതിയനുസരിച്ച് പിന്നീട് നടക്കുന്ന അനുഷ്ഠാനത്തിൽ പങ്കെടുക്കാൻ ആരെയും നിർബന്ധിക്കുന്നില്ല എന്നു സൂചിപ്പിച്ചിരുന്നു. മുൻ സൂചിപ്പിച്ച ഓർത്തഡോക്സ് വിദ്യാർത്ഥികളെ കൂടാതെ, ബാംഗ്ലൂരിൽ നിന്ന് സന്ദർശകരായി വന്ന ശ്രീ. മാത്യു, മിനി പനയിൽ തുടങ്ങിയവർ ചാപ്പലിൽ ഉണ്ടായിരുന്നു.

കൂടിവന്ന എല്ലാവരോടും തന്റെ പാപങ്ങൾക്ക് ക്ഷമ ചോദിച്ചുകൊണ്ടും ദൈവത്തിന്റെ സർവ്വസൃഷ്ടിയോടും ക്ഷമ യാചിച്ചുകൊണ്ടും അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും അടയാളമായി നായകൻ മൂന്നു പ്രാവശ്യം നിലത്തു കുമ്പിടുന്ന രീതിയാണല്ലോ ശുബ്ക്കോനോ ശുശ്രൂഷയിലുള്ളത്. അപ്രകാരം ഞാൻ നിലത്ത് കുമ്പിട്ട് ക്ഷമ ചോദിച്ചപ്പോൾ, അവിടെയുണ്ടായിരുന്ന എല്ലാവരും നിലത്തു കുമ്പിട്ടു, പരസ്പരം ക്ഷമയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം പ്രസരിപ്പിച്ചു. പിന്നീട് എല്ലാവരും എഴുന്നേറ്റ് ശുബ്ക്കോനോ ശുശ്രൂഷയിലെപ്പോലെ പരസ്പരം കൈയ്യസൂരി കൊടുത്ത് സമാധാനം ആശംസിച്ചു. ക്രിസ്ത്യൻ സെന്റർ ഡയറക്ടറും ധർമ്മാരാം മുൻ പ്രൊഫസറുമായ ഫാ. മാത്യു ചന്ദ്രൻകുന്നേൽ സമാപനപ്രാർത്ഥന നടത്തി; ആശീർവാദത്തോടെ ശുശ്രൂഷ സമാപിച്ചു.

പുരാതനമായ ഈ ശുബ്ക്കോനോ ശുശ്രൂഷ ഒരു പുതിയ അനുഭവമായി എല്ലാവരും സാക്ഷ്യപ്പെടുത്തി. പലർക്കും ഒരു കാര്യം വ്യക്തമായി. കർത്താവായ യേശുമിശിഹായുടെ സ്നേഹത്താലും ക്ഷമയാലും പ്രേരിതനായി പരിശുദ്ധ പിതാക്കന്മാർ ഒരുക്കിയ ഈ ശുശ്രൂഷയുടെ ഹൃദയസ്പർശവും ആത്മിക വിസ്തൃതിയും വളരെ ആഴമേറിയതാണ്. ഇതൊരു സാമൂഹ്യ കുമ്പസാരമാണ്. എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് (Collective, inclusive, social confession). മതങ്ങൾ തമ്മിലും, സഭകൾ തമ്മിലും രാജ്യങ്ങൾ തമ്മിലും പോർവിളികളും അക്രമവും നടക്കുമ്പോൾ, ദൈവത്തിന്റെ മക്കളായ എല്ലാ മനുഷ്യരെയും, ദൈവത്തിന്റെ സകല സൃഷ്ടികളെയും സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും ഇഴകളാൽ ഒരുമിച്ച് നിർത്താൻ നമ്മെ സഹായിക്കും. പരസ്പരം യഥാർത്ഥമായ ക്ഷമ ചോദിക്കലും കൊടുക്കലും.

ഇത് വെറുമൊരു അനുഷ്ഠാനമായി അർത്ഥം നഷ്ടപ്പെട്ട ആചാരമായി മാറാൻ നാം ഒരിക്കലും അനുവദിക്കരുത്.

* CARP: Company of Artists for Radiance of Peace. കഴിഞ്ഞ ജനുവരിയിൽ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായോട് ചേർന്നുള്ള സോപാന അക്കാദമിയിൽ വച്ച് ഒരു ചിത്രകലാക്യാമ്പ് ഞങ്ങൾ നടത്തിയിരുന്നു.

## ബൈബിൾ ക്വിസ്

### (ഉൽപ്പത്തി 28-32)

**ഫാ. റെജു എബ്രഹാം, മൗണ്ട് അബു**

1. ഇത് ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല ഇത് സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ എന്നു പറഞ്ഞു. ഏത് സ്ഥലം (28.17)?
2. ബഥേൽ എന്ന പട്ടണത്തിന്റെ പഴയ പേര് (28.19)?
3. ലാബാന്റെ ഇളയ മകളുടെ പേര് (29.6)?
4. റാഹേലിൻറെ സഹോദരിയുടെ പേര് (29.16)?
5. ലേയയുടെ ദാസിയുടെ പേര് (29.24)?
6. യാക്കോബിന്റെ ആദ്യ ജാതന്റെ പേര് (29.32)?
7. യാക്കോബിന്റെ മകളുടെ പേര് (30.21)?
8. യോസഫിന്റെ അമ്മയുടെ പേര് (30.24)?
9. ലാബാനും യാക്കോബും തമ്മിൽ ഉടമ്പടി ചെയ്ത സ്ഥലത്തിന് യാക്കോബി കൊടുത്ത പേര് (31.47)?
10. യാക്കോബ് ദൈവദൂതനുമായി മൽപിടുത്തം നടത്തിയ സ്ഥലം (32.30)?

### ഉത്തരങ്ങൾ

1. ബേഥേൽ
2. ലൂസ്
3. റാഹേൽ
4. ലേയ
5. സിൽപ
6. രൂബേൻ
7. ദീന
8. റാഹേൽ
9. ഗലേദ്
10. പെനിയേൽ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



# സഭയുടെ വിശുദ്ധ രഹസ്യങ്ങൾ

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

വിശുദ്ധ കൂദാശകൾക്ക് പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ നൽകുന്ന നാമം 'വിശുദ്ധ രഹസ്യങ്ങൾ' എന്നാണ്. പാശ്ചാത്യ സഭയാകട്ടെ 'സാക്രമെന്റ്സ്' എന്നു പറയുന്നു. സാക്രമെന്റ്സ് എന്ന പദത്തിന് ഏതാണ്ട് സമാനമായിക്കാണുന്ന സുറിയാനി പദമാണ് 'കൂദോശോ.' എന്നാൽ 'രഹസ്യങ്ങൾ' എന്ന പദത്തിന്റെ അർത്ഥവ്യാപ്തി മുഴുവനും സാക്രമെന്റ്സ് എന്ന പദമോ കൂദോശോ എന്ന പദമോ ഉൾക്കൊള്ളുന്നില്ല. അവ അതിന് പര്യാപ്തവുമല്ല. ആകയാൽ ഈ പദങ്ങളുടെ വിശകലനം വി. കൂദാശകൾ സംബന്ധിച്ച പൗരസ്ത്യ ക്രിസ്തീയ സങ്കല്പം ഗ്രഹിക്കുന്നതിന് നമ്മെ ഏറെ സഹായിക്കും.

### സാക്രമെന്റ്സ്

സാക്രമെന്റ്സ് എന്ന ഇംഗ്ലീഷ് വാക്ക് സാക്രമെന്റും (Sacramentum) എന്ന ലത്തീൻ പദത്തിൽ നിന്നും വന്നിട്ടുള്ളതാണ്. ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ടു മുതൽ മിസ്റ്റീറിയോൺ (Mysterion – രഹസ്യം) എന്ന ഗ്രീക്കു പദത്തിനു തുല്യമായി സാക്രമെന്റും എന്ന പദം പാശ്ചാത്യസഭ ഉപയോഗിച്ചു വരുന്നു. മതതലത്തിൽ സാക്രമെന്റും എന്ന പദത്തിന് ശുദ്ധീകരണകർമ്മം നിർവഹിക്കുന്ന കാർമ്മികൻ, ശുദ്ധീകരണ കർമ്മം, ശുദ്ധീകരിക്കപ്പെട്ട വ്യക്തി അല്ലെങ്കിൽ വസ്തു, ശുദ്ധീകരണകർമ്മത്തിനുള്ള വിവിധ ഉപാധികൾ എന്നൊക്കെ അർത്ഥം കാണുന്നു. പടയ്ക്കു ചേരുമ്പോൾ പടയാളി സേവനത്തിന് സ്വയം സമർപ്പിച്ചുകൊണ്ട് ദേവനാമത്തിൽ എടുക്കുന്ന പ്രതിജ്ഞ, രണ്ടു പേർ തമ്മിൽ വ്യവഹാരം ഉണ്ടാവുമ്പോൾ ദേവസന്നിധിയിൽ കെട്ടിവയ്ക്കുന്ന പണം (തോൽക്കുന്ന ആൾക്ക് തുക നഷ്ടമാവും) എന്നിവയ്ക്കും സാക്രമെന്റും എന്ന പദത്തിന് മതത്തോടു ബന്ധിപ്പിച്ച് അർത്ഥം ഉണ്ട്.

സാക്രമെന്റും എന്ന പദം സാക്രാറെ (Sacrare = ശുദ്ധീകരിക്കുക = Consecrate) എന്ന മൂലത്തിൽ നിന്നും ആഗമിച്ചിട്ടുള്ളതാണ്. Sacer (Sacred = വിശുദ്ധം) എന്ന പദവും ഇതേ മൂലത്തിൽ നിന്നും നിഷ്പദിച്ചിരിക്കുന്നു. Consecrate എന്ന ഇംഗ്ലീഷ് പദം Consacrare എന്ന ലത്തീൻ പദത്തിൽ നിന്നും വന്നിട്ടുള്ളതാണെന്നും ഇവിടെ ചൂണ്ടിക്കാണിക്കട്ടെ.

സുറിയാനിയിൽ കാദേശ്, എബ്രായയിൽ കാദശ് എന്നീ വാക്കുകളുടെ മൂലത്തിലുള്ള അർത്ഥം 'വേർതിരിക്കുക' എന്നാണല്ലോ. ദൈവസന്നിധിയിൽ വേർതിരിച്ച് ശുദ്ധീകരിക്കുക, വേർതിരിച്ച് സമർപ്പിക്കുക എന്നീ അർത്ഥങ്ങൾ മതതലത്തിൽ ഇവയ്ക്കുണ്ട്.

കൂദോശോ എന്ന സുറിയാനി പദവും സാക്രമെന്റും എന്ന ലത്തീൻ പദവും മതതലത്തിൽ ഉപയോഗിക്കുമ്പോൾ അർത്ഥസാമ്യമുള്ളവയാണെന്നാണ് ഈ പദവിശകലനം ചൂണ്ടിക്കാണിക്കുന്നത്.

### മിസ്റ്റീറിയോൺ (രഹസ്യം)

മിസ്റ്റീറിയോൺ (രഹസ്യം) എന്ന ഗ്രീക്കു പദത്തിന്റെ ക്രിയാരൂപത്തിന് ആരാധനാ സന്ദർഭങ്ങളിൽ, ഉപനയനം ചെയ്യുക – ദൈവിക രഹസ്യങ്ങളിലേക്ക് ഉപനയനം ചെയ്യുക, എന്നാണർത്ഥം. ദൈവസന്നിധിയിലേക്ക്, ദൈവിക രഹസ്യങ്ങളിലേക്ക് ഉപനീതരായവർക്കു മാത്രമേ ദൈവികരഹസ്യം വെളിപ്പെടുന്നുള്ളു. ഉപനീതർ, ശിഷ്യർ ദൈവരാജ്യത്തിന്റെ മർമ്മം അറിയുവാൻ വരം ലഭിച്ചവരാണ്. ശേഷമുള്ളവർ കാണുന്നുണ്ടെങ്കിലും തിരിച്ചറിയുന്നില്ല; കേൾക്കുന്നുണ്ടെങ്കിലും ഗ്രഹിക്കുന്നില്ല. അവർക്ക് ദൈവികരഹസ്യങ്ങൾ ഉപമകളായി മാത്രം അവശേഷിക്കുന്നു. പൊരുളറിഞ്ഞ് ദൈവരാജ്യത്തിന്റെ ആഴമായ അനുഭവതലത്തിലേക്ക് പ്രവേശിക്കാൻ കഴിയുന്നില്ല. ഹൃദയം കഠിനപ്പെട്ടിരിക്കുന്നതാണ് കാരണം. അനുതാപം കൊണ്ട് ആർദ്രമായി സുതാര്യത കൈവന്ന 'പ്രകാശിതർ' ആവാത്തിടത്തോളം ദൈവികരഹസ്യങ്ങളുടെ ആഴമായ സത്യങ്ങൾ ഭോഷത്വമായേ സാധാരണലോകം ഗണിക്കുകയുള്ളു. അതുകൊണ്ട് മൗനം ഇവിടെ ഉപനീതർക്ക് ഭൂഷണമായി വരുന്നു. 'മിസ്റ്റീറിയോൺ' എന്ന പദത്തിന് വായ് (അധരം) പൂട്ടുക (അടയ്ക്കുക) എന്ന് നിരുക്തം കൊടുത്തു കാണുന്നു. പുറത്തുള്ളവരോട് വെളിപ്പെടുത്താൻ പാടില്ലാത്തതും ഉപനീതർക്കു മാത്രം വെളിപ്പെടുത്തപ്പെടുന്നതുമായ രഹസ്യമാണ് മിസ്റ്റീറിയോൺ. വി. കുർബാനയുടെ ഒന്നാം ഭാഗം (വചനശുശ്രൂഷ – സ്നാനാർത്ഥികളുടെ ശുശ്രൂഷ) കഴിയുമ്പോൾ സ്നാനാർത്ഥികൾ ആരാധനാലയം വിടുന്നു. ശേഷമുള്ള ഭാഗം (ബലിയർപ്പണം – വിശ്വാസികളുടെ ശുശ്രൂഷ) സ്നാനം സ്വീകരിച്ച് ദൈവരാജ്യത്തിലേക്ക് ഉപനീതരായ വിശ്വാസികൾക്കുവേണ്ടി മാത്രമുള്ളതാണ്. ഈ നിബന്ധന സഭയുടെ ആദികാലം മുതൽതന്നെ നിലവിലിരുന്നു.

ക്രിസ്തുവർഷം നാലാം നൂറ്റാണ്ടു മുതൽക്കേ രഹസ്യം / രഹസ്യങ്ങൾ എന്ന പദം വ്യക്തമായും കൂദാശകൾക്കു പകരമായി ഉപയോഗിച്ചിരുന്നുള്ളു. 1 കോരി. 4:1-ൽ "ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാർ" എന്ന് അപ്പോസ്തോലന്മാരെക്കുറിച്ച് വി. പൗലോസ് പറയുന്നുണ്ട്. ഇതിന്റെ പ്രതിധ്വനിയെന്നോണം "യേശുക്രിസ്തുവിന്റെ രഹസ്യങ്ങളുടെ ശുശ്രൂഷകർ" എന്ന് ശെമ്മാശ്ശന്മാരെ സംബന്ധിച്ച് വി. ഇഗ്നാത്തിയോസ് (എ. ഡി. 35-107) ത്രാലിയർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു (2:3). രണ്ടിടത്തും 'രഹസ്യങ്ങൾ' വി. കുർബാനയെ സംബന്ധിച്ചോ നാം ഇന്നു സങ്കല്പിക്കുന്നവിധം കൂദാശകളെ സംബന്ധിച്ചോ, ആണ് പരാമർശിക്കുന്നതെന്ന് തീർത്തു പറയാനാവില്ല. വി. ഇഗ്നാത്തിയോസിന്റെ പരാമർശം വി. കുർബാനയെ സംബന്ധിച്ചായിരിക്കാം എന്ന് സന്ദർഭം സൂചിപ്പിക്കുന്നു. ജസ്റ്റിൻ മാർട്ടിയറും (A. D. 100 - 165. Apologeticum I.66) തെർത്തുല്യനും (A. D. 160 - 225. De Praescriptione Haereticorum 40) കൂദാശകൾക്ക് "രഹസ്യങ്ങൾ" എന്ന് നേരിട്ടു പറയുന്നില്ലെങ്കിലും പുറജാതികളുടെ (മിസ്റ്ററി മതങ്ങൾ എന്ന് പറയപ്പെട്ടിരുന്ന പുറജാതി മതങ്ങളിലെ) 'രഹസ്യങ്ങൾ' ക്രിസ്ത്യാനികളുടെ കൂദാശകളുടെ പൈശാചികമായ അനുകരണമാണെന്ന് പറഞ്ഞിരിക്കുന്നു (ക്രിസ്തീയ കൂദാശകൾക്ക് രഹസ്യങ്ങൾ എന്ന പദം ലഭിച്ചത് പുറജാതി മതങ്ങളിൽ നിന്നാണെന്ന് വാദിക്കുന്ന പുതിയനിയമ പണ്ഡിതർ ഉണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല).

വി. കൂദാശകളെ വി. രഹസ്യങ്ങൾ എന്ന് വിളിക്കുന്നതിന് പിമ്പിൽ ശക്തമായ ഒരു വേദാടിസ്ഥാനം ഉണ്ട്. ഇതു കണ്ടെത്തുക വി. രഹസ്യങ്ങളെ സംബന്ധിച്ച പഠനത്തിൽ സുപ്രധാനമാണ്.

### സ്വർഗ്ഗീയ സഭയും ദൈവിക രഹസ്യങ്ങളും

പുതിയനിയമത്തിലെ "രഹസ്യങ്ങൾ" എന്ന പദത്തിന് തുല്യമായ പഴയനിയമ (എബ്രായ) പദം 'സോദ്' ആണ്. ഈ വാക്കിന് പഴയനിയമത്തിൽ ദൈവത്തിന്റെ സ്വർഗ്ഗീയസഭയെന്നും അതിലെ രഹസ്യ ആലോചനകൾ എന്നും രണ്ട് അർത്ഥങ്ങൾ ഉണ്ട്. പഴയനിയമത്തിൽ ഒരു യഥാർത്ഥ പ്രവാചകന്റെ സവിശേഷത ദൈവത്തിന്റെ ആലോചനാസഭയിൽ നിൽക്കുന്നവൻ എന്നുള്ളതാണ്. യിരമ്യാ പ്രവാചകൻ പറയുന്നു: "യഹോവയുടെ വചനം ദർശിച്ചു കേൾപ്പാൻ തക്കവണ്ണം അവന്റെ ആലോചനാ സഭയിൽ (സോദ്) നിന്നവൻ ആർ?....." (യിര. 23:18). ഇതേ ആശയം തന്നെ ഇയ്യോബിന്റെ പുസ്തകത്തിലും കാണാം. എലിഫസ് ഇയ്യോബിനോടു ചോദിക്കുന്നു, "നീ ദൈവത്തിന്റെ മന്ത്രിസഭ (സോദ്) യിൽ കൂടീട്ടുണ്ടോ?" (ഇയ്യോബ് 15:8). ഇങ്ങനെ ദൈവത്തിന്റെ ആലോചനാ സഭയിലേക്ക് പ്രവേശിക്കുന്ന ദൈവമനുഷ്യർ ദൈവികരഹസ്യങ്ങൾ ഗ്രഹിക്കുന്നു. ഈ ദൈവികരഹസ്യങ്ങൾ മനുഷ്യനെയും ദൈവത്തെയും പറ്റിയുള്ള ദൈവികഹിതവും പദ്ധതിയുമാണ്. ഇതിന് സോദ് എന്നു പറഞ്ഞിരിക്കുന്നു. ആമോ. 3:7-ൽ അക്കാലത്ത് സാധാരണ പറയാറുണ്ടായിരുന്ന ഒരു ചൊല്ല് പ്രവാചകൻ രേഖപ്പെടുത്തുന്നു: 'യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം (ആലോചന – സോദ്) വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല.' ദാനിയേലിന്റെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ (ഇതിന്റെ മൂലഭാഷ അറമായ ആണ്) എട്ടു പ്രാവശ്യം രഹസ്യം (റാസ്) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. നെബുക്കദ്നേസ്സർ രാജാവിന്റെ രാജത്വത്തിന്റെ ഭാവിയെ സംബന്ധിച്ച ദൈവിക

രഹസ്യം, ദൈവഹിതം, ദൈവികപദ്ധതി അറിയുന്നതിനും അതു രാജാവിനെ അറിയിക്കുന്നതിനും ദാനിയേലിനു കഴിഞ്ഞു. "രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവൻ സംഭവിപ്പാനുള്ളത് അറിയിച്ചുമിരിക്കുന്നു" (ദാനി. 2:29).

ഇവിടെ ദൈവത്തിന്റെ സ്വർഗ്ഗീയസഭയിൽ പ്രവേശിച്ച് ദൈവഹിതത്തിന്റെ രഹസ്യം അറിയുന്ന ദൈവപുരുഷന്മാരായ പ്രവാചകന്മാരുടെ നിരയിലാണ് ദാനിയേലിനേയും കാണാൻ കഴിയുക.

ഇങ്ങനെ പഴയനിയമത്തിൽ രഹസ്യം (സോദ്/റാസ്) എന്ന പദം ദൈവത്തിന്റെ സ്വർഗ്ഗീയരഹസ്യ സഭ, അതിലെ രഹസ്യ ആലോചനകൾ – മനുഷ്യരേയും ലോകത്തേയും സംബന്ധിച്ച ദൈവികപദ്ധതി, ദൈവോദ്ദേശ്യം എന്നീ അർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.

### കാലത്തികവിൽ ക്രിസ്തുവിൽ വെളിപ്പെട്ട രഹസ്യം

പുതിയനിയമത്തിൽ രഹസ്യം/രഹസ്യങ്ങൾ (മർമ്മം/മർമ്മങ്ങൾ) എന്ന പദം മിസ്റ്റീറിയോൺ എന്ന ഗ്രീക്ക് പദത്തിന് തർജ്ജമയായി 27 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. അതിൽ 20 പ്രാവശ്യവും വി. പൗലോസിന്റെ ലേഖനങ്ങളിലാണ് കാണുക. അതുകൊണ്ട് പുതിയനിയമത്തിൽ ഈ വാക്കിന്റെ അർത്ഥം പ്രധാനമായും വി. പൗലോസിന്റെ ലേഖനങ്ങളിൽ നിന്നു തന്നെയാവും കണ്ടെത്തേണ്ടത്.

ലോകത്തെ സംബന്ധിച്ച ദൈവത്തിന്റെ രക്ഷാപദ്ധതി ദൈവത്തിന്റെ അനന്തമായ ജ്ഞാനത്തിലുള്ളതാണ്. ഇത് ലോകസൃഷ്ടിക്കു മുമ്പു തന്നെ ദൈവം മുൻനിയമിച്ചതും പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞിരുന്നതുമാണ് (1 കോരി. 2:7; റോമ. 16:24-25; കൊലോ. 1:26; എഫേ. 3:5, 9); ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി അവരുടെ തേജസ്സിനായി ഒരുക്കിയിട്ടുള്ള രക്ഷാകരപദ്ധതിയാണ് (1 കോരി. 2:7, 9). ഈ ദൈവിക രഹസ്യജ്ഞാനം എല്ലാവർക്കും ലഭിക്കുന്നില്ല. ദൈവിക രഹസ്യങ്ങളിലേക്ക് പ്രവേശിക്കുന്നതിന് ആദ്ധ്യാത്മിക വളർച്ച പ്രാപിച്ചിട്ടുള്ള പക്വമതികൾ (തികഞ്ഞവർ) ക്കു മാത്രമേ ഈ ജ്ഞാനം ലഭിക്കുന്നുള്ളൂ. അതുകൊണ്ട് ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ജ്ഞാനം അപ്പോസ്തോലന്മാർ രഹസ്യ (മർമ്മ) മായി പ്രസ്താവിക്കുന്നു എന്ന് വി. പൗലോസ് പറയുന്നു (1 കോരി. 2:6-8). ഇവിടെ രഹസ്യം ലൗകികർക്ക് മറഞ്ഞിരിക്കുന്നതും, "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നതുമായ" (1 കോരി. 2:10) ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ രഹസ്യം ആകുന്നു. ഇത് മൂടിവയ്ക്കപ്പെട്ട രൂപത്തിലേ സാധാരണക്കാർക്ക് കാണപ്പെടുന്നുള്ളൂ. എന്നാൽ ദൈവരാജ്യാനുഭവത്തിലേയ്ക്ക് ഉപനീതരായ ശിഷ്യർക്ക് ഈ രഹസ്യജ്ഞാനം വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു. "ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു; പുറത്തുള്ളവർക്കോ സകലവും ഉപമകളാൽ ലഭിക്കുന്നു" (മർക്കോ. 4:11 = മത്താ. 13:11 = ലൂക്കോ. 3:10). 1 തിമോ. 3:16-ൽ ജഡധാരണം മുതൽ തേജസ്സോടെ സ്വർഗ്ഗാരോഹണം ചെയ്യുന്നതുവരെയുള്ള ക്രിസ്തുവിന്റെ രക്ഷാകര ജീവിതവും പ്രവർത്തനങ്ങളും ദൈവികരഹസ്യത്തിന്റെ ഉള്ളടക്കമായി വി. പൗലോസ് എടുത്തു പറയുന്നു. ദൈവഭക്തിയുടെ (ക്രിസ്തീയ വിശ്വാസത്തിന്റെ) ഈ രഹസ്യം ശുദ്ധമനസ്സാക്ഷിയിൽ സൂക്ഷിക്കണമെന്നും വി. പൗലോസ് ശുശ്രൂഷകരെ പ്രബോധിപ്പിക്കുന്നുണ്ട് (1 തിമോ. 3:9). ക്രിസ്തുവിന്റെ ജീവിതവും പ്രവർത്തനങ്ങളും എന്നല്ല ക്രിസ്തു തന്നെ ദൈവത്തിന്റെ രഹസ്യം ആണെന്ന് പൗലോസ് അപ്പോസ്തോലൻ രേഖപ്പെടുത്തുന്നു (കൊലോ. 2:2; 4:3; എഫേ. 3:4).

ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്ന ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ മറ്റു സുപ്രധാനതലങ്ങളിലേക്കും എഫേസ്യ ലേഖനം വിരൽചൂണ്ടുന്നുണ്ട്. ദൈവത്തിന് ലോകത്തെ സംബന്ധിച്ച രക്ഷാപദ്ധതിയെന്ന ദൈവികരഹസ്യത്തിന്റെ ഒരു പ്രധാനഘടകം ജാതികളുടെ രക്ഷയാണ് (എഫേ. 3:2-10). മറ്റൊന്ന്, മനുഷ്യവർഗ്ഗം മാത്രമല്ല, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ സകലവും ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേരുന്നു എന്നതാണ്. ഇത് "ദൈവഹിതത്തിന്റെ രഹസ്യം" എന്ന് പൗലോസ് പറഞ്ഞിരിക്കുന്നു (എഫേ. 1:9-10). ഇവിടെ, സമസ്ത സൃഷ്ടിയേയും ഉൾക്കൊള്ളുന്ന ഒരു വിശ്വവീക്ഷണം ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ ഉണ്ടെന്നു വരുന്നു.

ചുരുക്കത്തിൽ, പുതിയനിയമത്തിൽ, ദൈവത്തിന്റെ രഹസ്യം അവന്റെ രക്ഷാപദ്ധതിയാണ്. പൂർവ്വകാലങ്ങളിൽ മറഞ്ഞുകിടന്നതും കാലത്തികവിൽ വെളിപ്പെട്ടതുമായ ദൈവികരഹസ്യം, ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട രക്ഷാകര പ്രവർത്തനങ്ങളും ക്രിസ്തു തന്നെയുമാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തെയും രക്ഷാകര പ്രവർത്തനങ്ങളെയും ആരാധനാനുഷ്ഠാനങ്ങളിലൂടെ പരിശുദ്ധാത്മ നിവാസം കൊണ്ട് പുനരാവിഷ്കരിച്ച് ഈ കാലത്തിൽ ജീവിക്കുന്നവർക്ക് അനുഭവവേദ്യമാക്കുന്നതിനാലാണ് വി. കൂദാശകൾ വി. രഹസ്യങ്ങൾ ആകുന്നത്.

സഭയുടെ കൂദാശകളിൽ വിശുദ്ധ സ്നാനത്തിനും (വി. മൂറോനഭിഷേകം ഉൾപ്പെടെ) വി. കുർബാനയ്ക്കുമാണ് പ്രധാനമായും വി. രഹസ്യങ്ങൾ എന്നു പറഞ്ഞു വരുന്നത്. വി. സ്നാനം ദൈവത്തിന്റെ സ്വർഗ്ഗീയ സഭയിലേക്കുള്ള, ദൈവരാജ്യാനുഭവത്തിലേക്കുള്ള പ്രവേശനവും ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലുമുള്ള പങ്കാളിത്തവും ഏകീഭാവവുമാണ് (റോമ. 6:3-11). വി. കുർബാനയിലൂടെ യേശുക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതവും പ്രവർത്തനങ്ങളും ഇക്കാലത്ത് നാം വീണ്ടും ജീവിച്ചറിയുന്നു. ക്രൂശിലെ യാഗാർപ്പണത്തിലും പുനരുത്ഥാനത്തിന്റെ തേജസ്സിലും പങ്കാളികളാവുന്നു. തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതു വഴി ക്രിസ്തു എന്ന ദൈവികരഹസ്യം നാം സ്വാംശീകരിക്കുകയും ചെയ്യുന്നു (കോരി. 10:16). മറ്റെല്ലാ കൂദാശകളുടെയും പൊരുൾ ഈ മൂന്നു കൂദാശകളുടെയും അടിസ്ഥാനപ്രമാണത്തിൽ നിന്നുകൊണ്ട് വ്യാഖ്യാനിച്ചു ഗ്രഹിക്കാവുന്നതാണ്.

### ഓർമ്മയും അനുഷ്ഠാനവും

മുകളിൽ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ ആവർത്തിച്ചുപയോഗിച്ചിരിക്കുന്ന ചില പദങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. പുനരാവിഷ്ക്കരിക്കുക, വീണ്ടും ജീവിച്ചറിയുക, അനുഭവിച്ചറിയുക, സ്വാംശീകരിക്കുക, പങ്കുചേരുക. ഇവയെല്ലാം ഓർമ്മയും അനുഷ്ഠാനവും എന്ന ആശയത്തോട് ബന്ധപ്പെട്ടു വരുന്നവയാണ്. ഭൂതകാല ചരിത്രത്തിൽ ഇടപ്പെട്ട് പ്രവർത്തിച്ച ദൈവത്തെയും അവന്റെ രക്ഷാകര പ്രവർത്തനങ്ങളെയും ആരാധനാനുഷ്ഠാനങ്ങളിലൂടെ ഓർക്കുമ്പോൾ വർത്തമാനകാലചരിത്രത്തിൽ സന്നിഹിതനായി രക്ഷാകര പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ദൈവത്തെ സഭ അഭിമുഖീകരിക്കുകയും അനുഭവിച്ചറിയുകയുമാണ്. ഇവിടെ, ഓർമ്മ നമ്മുടെ ഭാഷയിൽ സാധാരണ വ്യവഹാരാർത്ഥത്തിലുള്ള സ്മാരകശുശ്രൂഷയല്ല. അനുഷ്ഠാനം ഓർമ്മയുണർത്തുന്ന വെറും പ്രതീകാത്മക കർമ്മങ്ങളുമല്ല. ഓർമ്മയും അനുഷ്ഠാനവും ക്രിസ്തുവിന്റെ സാന്നിദ്ധ്യവും ക്രിസ്തുവിലുള്ള സംബന്ധവും സാക്ഷാത്കരിക്കുന്ന സന്ദർഭമാണ്. ഒരിക്കലായി ചരിത്രത്തിൽ ക്രിസ്തു പൂർത്തീകരിച്ച രക്ഷാകര പദ്ധതി ആവർത്തിക്കുകയോ (repetition) തുടരുകയോ (Continuation) അല്ല, ഇന്നത്തെ അനുഭവമായി പരിശുദ്ധാത്മ വ്യാപാരത്താൽ വീണ്ടും വീണ്ടും ജീവിച്ചറിയുകയാണ്.

പഴയനിയമത്തിൽ 'ഓർക്കുക' (എബ്രായ: സാക്കർ; സുറിയാനി: ദ്ക്കാർ) എന്നാൽ ഓർമ്മതലത്തിൽ മാത്രം നടക്കുന്നതല്ല. യഹോവ ചരിത്രത്തിൽ നിർവ്വഹിച്ചിട്ടുള്ള വൻപ്രവർത്തികളെ യാഗങ്ങളും പെരുന്നാൾ ആചരണങ്ങളും വഴി ഓർക്കുന്നത് അവയെ കാലികമായി അനുഭവിച്ചറിയുന്നതിനാണ്. പെസഹാപ്പെരുന്നാളിനെ സംബന്ധിച്ച് പുറപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു: "ഈ ദിവസം നിങ്ങൾക്ക് ഓർമനാളായിരിക്കേണം.... തലമുറ തലമുറയായും നിത്യനിയമമായും നിങ്ങൾ അത് ആചരിക്കേണം' (പുറപ്പാട് 12:14). ഈ ഓർമ്മയും അനുഷ്ഠാനവും കഴിഞ്ഞകാല സംഭവങ്ങൾ പുനരാവിഷ്ക്കരിച്ച് ഈ കാലത്തിൽ അനുഭവമാക്കുന്നതിനു വേണ്ടിയാണ് ക്രമീകരിച്ചിരിക്കുന്നത്. പെസഹാ ആചരണത്തെ സംബന്ധിച്ച് മിഷ്ന എന്ന യഹൂദ ഗ്രന്ഥത്തിൽ കാണുന്ന ഒരു ഭാഗം ശ്രദ്ധിക്കുക: "ഈ പെരുനാൾ ആചരിക്കുമ്പോൾ നാം തന്നെ ഈജിപ്തിൽ നിന്ന് പുറപ്പെടുന്നുവെന്നവിധം വേണം അതു ചെയ്യുവാൻ" (Pesahim 10:5). ഇസ്രായേൽ ജനം ദൈവത്തെ ഓർക്കുന്നതിനും ദൈവം ഇസ്രായേൽ ജനത്തെ ഓർക്കുന്നതിനും – അങ്ങനെ പരസ്പരം അഭിമുഖീകരിക്കുന്നതിന് പ്രത്യേകനാളുകൾ/കാലങ്ങൾ മാത്രമല്ല സ്ഥാനങ്ങളും വേർതിരിച്ച് നിശ്ചയിച്ചിരിക്കുന്നു. മണ്ണു കൊണ്ട് ഒരു യാഗപീഠം നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് യഹോവ കല്പിക്കുന്നു: "ഞാൻ എന്റെ നാമത്തിൽ സ്മരണ സ്ഥാപിക്കുന്ന ഏതു സ്ഥലത്തും ഞാൻ നിന്റെ അടുക്കൽ വന്ന് നിന്നെ അനുഗ്രഹിക്കും" (പുറ. 20:24). ചരിത്രത്തിൽ ഇടപെട്ട് അത്ഭുതം പ്രവർത്തിച്ച ദൈവത്തെ ആരാധകസമൂഹം ഓർമ്മ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തും ഓർമ്മ നിലനിർത്തുന്നതിന് പുനരാവിഷ്കരിക്കുന്ന അനുഷ്ഠാനങ്ങളിലൂടെയും വീണ്ടും അഭിമുഖീകരിക്കുന്നു. ദൈവത്തിന്റെ വീണ്ടെടുപ്പും രക്ഷയും വീണ്ടും ജീവിച്ചറിയുന്നു. ഗതകാല സംഭവങ്ങൾ വർത്തമാനകാലത്തിൽ പ്രസക്തമാക്കുന്ന

ഓർമ്മയും അനുഷ്ഠാനവുമാണ് യറുശലേം ദൈവാലയത്തിലെ ആരാധകർക്ക് അനുഭവമായിരുന്നതെന്ന് കാണിക്കുന്ന ഒരു കീർത്തനം നോക്കുക: "വന്ന് ദൈവത്തിന്റെ പ്രവർത്തികളെ നോക്കുവിൻ. ..... അവൻ സമുദ്രത്തെ ഉണങ്ങിയ നിലമാക്കി, അവർ കാൽനടയായി കടന്നുപോയി. ... അവൻ നമ്മെ ജീവനോടെ കാക്കുന്നു; നമ്മുടെ കാലടികൾ വഴുതുവാൻ സമ്മതിക്കുന്നതുമില്ല" (സങ്കീ. 66:5-9).

ഓർമ്മ എന്നതിന് ഗ്രീക്ക് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'അനമ്നേസിസ്' ആണ്. 'ഓർമ്മയിൽ കൊണ്ടുവരുന്ന പ്രവർത്തനം' എന്നാണിതിനർത്ഥം. പഴയനിയമത്തിൽ ഓർമ്മ എന്ന ആശയത്തോടനുബന്ധിച്ച് നാം കണ്ട എല്ലാ ആശയങ്ങളും പുതിയനിയമത്തിലും പ്രസക്തമാണ്. പഴയനിയമ ചിന്താധാരയുടെ വെളിച്ചത്തിൽ മാത്രമേ പുതിയനിയമത്തിലെ മറ്റേത് ആശയവുമെന്നതുപോലെ 'ഓർമ്മ'യും വ്യക്തമായി മനസ്സിലാവുന്നുള്ളൂ. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്ന ക്രിസ്തുവിന്റെ അനുശാസനം പഴയനിയമ പെസഹാ ആചരണം സംബന്ധിച്ച്, "ഈ ദിവസം നിങ്ങൾക്ക് ഓർമ്മനാളായിരിക്കേണം. നിങ്ങൾ അത് യഹോവയ്ക്ക് ഉത്സവമായി ആചരിക്കേണം" (പുറ. 12:14) എന്നു പറഞ്ഞുകൊണ്ട് യഹോവ നൽകുന്ന കല്പനയ്ക്ക് സമാനമായി കാണാവുന്നതാണ്. മിസ്രയിമിൽ നിന്ന് കനാനിലേക്കുള്ള പുറപ്പാടാണ് പെസഹായുടെ പശ്ചാത്തലമെങ്കിൽ ക്രൂശും പുനരുത്ഥാനവുമാണ് വി. കുർബാന സ്ഥാപനത്തിന്റെ പശ്ചാത്തലം. പുതിയനിയമ വ്യാഖ്യാനത്തിൽ വി. കുർബാന പുതിയനിയമത്തിന്റെ പെസഹായാണ്.

വിശുദ്ധ രഹസ്യങ്ങളിൽ ക്രിസ്തുവുമായുള്ള സംബന്ധവും അവിടുത്തെ രക്ഷാകര പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തവും ഇന്നും സാധ്യമാകുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൊണ്ടാണ്; മനുഷ്യപ്രയത്നം കൊണ്ടല്ല. സകലവും സഭയെ ഓർമ്മപ്പെടുത്തുന്ന പരിശുദ്ധാത്മാവ് (യോഹ. 14:26) ക്രിസ്തുവിനെ സഭയ്ക്ക് ആനുകാലികമാക്കിത്തീർക്കുന്നു. വി. കുർബാനയിൽ പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥന (Epiclesis) ഈ നിലയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ദൈവത്തിന്റെ രക്ഷാപദ്ധതി ചരിത്രത്തിൽ പൂർത്തീകരിച്ച ക്രിസ്തുവിനോട് ഇക്കാലത്തിൽ ജീവിക്കുന്ന സഭ കൗദാശികാനുഷ്ഠാനങ്ങളിലൂടെ നിരന്തരം ബന്ധപ്പെടുകയും എക്കാലവും അവനെ രക്ഷാദാതാവായി അനുഭവിച്ചറിഞ്ഞുകൊണ്ട് രക്ഷാപൂർത്തിയുടെ പ്രത്യാശയിൽ വളരുകയും ചെയ്യുന്നു. ഇങ്ങനെ ഓർമ്മയും അനുഷ്ഠാനവും വഴി ഭൂതവർത്തമാനഭാവി കാലങ്ങൾ ക്രിസ്തുവിൽ സമന്വയിപ്പിക്കുകയും കാലങ്ങൾ തമ്മിലുള്ള അകലവും അന്തരവും അവസാനിപ്പിച്ച് ഇക്കാലജീവിതത്തിൽ തന്നെ നിത്യതയുടെ അനുഭവത്തിലേക്ക് സഭ പ്രവേശിക്കുകയും ചെയ്യുന്നു.

### സ്തോത്രാർപ്പണം - യാഗാർപ്പണം

ഓർമ്മയും അനുഷ്ഠാനവും കൊണ്ടുദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പുനരാവിഷ്ക്കരണവും (re-presentation or re-enactment) അതിലുള്ള പങ്കാളിത്ത (participation) വുമാണെങ്കിൽ, ക്രിസ്തുവിന്റെ സാന്നിദ്ധ്യവും (presence), ക്രിസ്തുവിനോടുള്ള സംബന്ധവു (communion) മാണെങ്കിൽ സ്തോത്രാർപ്പണം (eucharistic offering), യാഗാർപ്പണം (sacrificial offering) തന്നെയാണ്. വി. കുർബാന സ്ഥാപിച്ചുകൊണ്ടുള്ള കർത്താവിന്റെ വചനങ്ങളിൽ യാഗസംബന്ധമായ പരാമർശങ്ങളും സൂചനകളും അടങ്ങിയിട്ടുണ്ട്. "ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം" (മത്താ. 26:28); ഇത് കർത്താവിന്റെ പുതിയനിയമ സ്ഥാപനവചനം കൂടിയാണ്. ഇതിനു സമാന്തരമായി പഴയനിയമത്തിൽ കാണുന്ന ഭാഗം ശ്രദ്ധിക്കുക. മോശ യാഗരക്തം എടുത്ത് ജനത്തിന്മേൽ തളിച്ചുകൊണ്ട്, "ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു" (പുറ. 24:8). വി. കുർബാന കർത്താവ് സ്ഥാപിക്കുന്നത് തന്റെ ക്രൂശിലെ യാഗത്തിന്റെ പശ്ചാത്തലത്തിൽ ആണ്.

കുർബോനോ എന്ന സുറിയാനി പദവും അനാഫോറാ എന്ന ഗ്രീക്കു പദവും ഒരേ അർത്ഥം വരുന്ന യാഗപദങ്ങൾ ആണ്. കുർബോനോ - കാഴ്ചയർപ്പണം, യാഗാർപ്പണം തന്നെയാണ്. വി. കുർബാനയുടെ രണ്ടാം ഭാഗമായ ബലിയർപ്പണ ശുശ്രൂഷയ്ക്ക് അനാഫോറോ എന്നാണ് തക്സായിൽ കൊടുത്തിരിക്കുന്ന നാമം. 'Take (Carry) up' (to offer) എന്നാണ് വാക്കർത്ഥം. പഴയനിയമ ഗ്രീക്ക് വേദപുസ്തകത്തിൽ (സെപ്റ്റുജിന്റ്) യാഗസന്ദർഭങ്ങളിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു (ലേവ്യ 17:5; എസ്രാ 5:49; യശ. 57:6; 2 മക്കാ. 1:18). ഉയർന്ന ബലിപീഠത്തിലേക്ക് യാഗവസ്തു എടുത്ത് അർപ്പിക്കുന്ന പ്രവൃത്തിയാണ് അനാഫോറാ. ആയതിനാൽ വി. കുർബാനയുടെ പര്യായം തന്നെയാണ് അനാഫോറാ. ചുരുക്കത്തിൽ അനാഫോറാ എന്ന പദപ്രയോഗം വി. കുർബാന ബലിയർപ്പണം തന്നെയെന്ന് ഉറപ്പിച്ചുപറയുന്നതിന് സഹായിക്കുന്നു.

എന്നാൽ നാം അർപ്പിക്കുന്ന ബലി പുതിയ ബലിയല്ല. ഒരിക്കലായി ക്രൂശിന്മേൽ അർപ്പിക്കപ്പെട്ട ബലിയോട് അനുരൂപമുള്ള ബലിയായി നാം നമ്മെത്തന്നെ സമർപ്പിക്കുകയും ആ പരമബലിയിൽ നാം നിരന്തരം പങ്കുചേരുകയുമാണ്. വി. കുർബാനയുടെ ഒരുക്കശുശ്രൂഷയിലെ ഒരു പ്രാർത്ഥന ഇവിടെ ഉദ്ധരിക്കട്ടെ: "ലോകം മുഴുവന്റെയും പാപപരിഹാരത്തിനും രക്ഷയ്ക്കും വേണ്ടി തന്റെ പിതാവിന് സ്വീകാര്യബലിയായി സമർപ്പിച്ച വെടിപ്പുള്ള നിർമ്മല കുഞ്ഞാടായ മശിഹാതമ്പുരാനേ! നിനക്കു പ്രീതികരവും നിന്റെ ബലിയർപ്പണത്തിന് അനുരൂപവുമായ ജീവനുള്ള ബലിയായി ഞങ്ങളെത്തന്നെ നിനക്കു സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ." നമ്മുടെ ജീവന് ആധാരമായ അപ്പവീഞ്ഞുകൾ കർത്തൃസന്നിധിയിൽ സമർപ്പിക്കുന്നതു വഴി നാം നമ്മെത്തന്നെ സമർപ്പിക്കുന്നു.

നാം ദൈവസന്നിധിയിൽ അർപ്പിക്കുന്ന എല്ലാ ആരാധനയും എല്ലാ കൗദാശികാനുഷ്ഠാനങ്ങളും വി. കുർബാനയെന്ന ശ്രേഷ്ഠബലിയോടു ചേർന്നുവരുന്നവയും അത് അടിസ്ഥാനമാക്കിയുമുള്ള യാഗാർപ്പണങ്ങൾ ആണ്. നാം ദൈവസന്നിധിയിൽ നിവേദിക്കുന്ന വാക്കും, നമസ്ക്കാരവും, വസ്തുവും എല്ലാം നന്ദിയർപ്പണമാണ്, യാഗാർപ്പണമാണ്. തിരുസന്നിധിയിൽ തെളിയിക്കുന്ന നിലവിളക്കും മെഴുകുതിരിയും, അർപ്പിക്കുന്ന ധൂപവും, തൈലവും ജലവുമെല്ലാം യാഗം തന്നെയാണ്. അവ വഴി ക്രൂശിലെ യാഗത്തിൽ അനവരതം പങ്കുചേരുകയാണ്. എല്ലാ ആരാധനയും അനുഷ്ഠാനങ്ങളും കൗദാശികങ്ങളാണ്. അവ ശ്രേഷ്ഠബലിയായ വി. കുർബാനയിൽ അധിഷ്ഠിതവുമായിരിക്കുന്നു. നമ്മുടെ ഓരോ യാഗാർപ്പണവും കർത്താവിന്റെ തിരുബലിയോടുള്ള അനുരൂപീകരണവും (Conformation) അതിലുള്ള സംബന്ധവുമാണ് (Communion).

### സ്തോത്രാർപ്പണ വീക്ഷണം

വി. കുർബാന മാത്രമല്ല, എല്ലാ കൂദാശകളും സ്തോത്രാർപ്പണം (യാഗാർപ്പണം) ആണെന്ന് മുകളിൽ സൂചിപ്പിക്കുകയുണ്ടായി. മനുഷ്യജീവിതം നിലനിർത്തുന്നതിന് ആധാരമായ ഭക്ഷണപാനീയങ്ങൾ (അപ്പവീഞ്ഞുകൾ) സമർപ്പിക്കുന്നതിലൂടെ നാം നമ്മെത്തന്നെ ദൈവത്തിന് സമർപ്പിക്കുന്നുവെന്നും പറഞ്ഞുകഴിഞ്ഞു. എന്നാൽ നമ്മുടെ വ്യക്തി ജീവിതത്തെ മാത്രമല്ല സമസ്ത പ്രപഞ്ചത്തെയും വി. കൂദാശകളിലൂടെ ദൈവത്തിന് സമർപ്പിക്കുകയാണ്. ദൈവം സൃഷ്ടിച്ച് നല്ലതെന്ന് കണ്ട് നമുക്ക് നൽകിയ ഈ പ്രപഞ്ചത്തെ നന്ദിപൂർവ്വം ദൈവസന്നിധിയിൽ തിരിച്ചു സമർപ്പിക്കുന്നു. പ്രപഞ്ചത്തോടുള്ള മനുഷ്യന്റെ ഉപഭോഗസമീപനമാണ് അവന്റെ വീഴ്ചയ്ക്ക് ഹേതു (ഉല്പത്തി 3:6). മനുഷ്യന്റെ വീഴ്ച പ്രകൃതിയേയും ബാധിച്ചു. പ്രകൃതി വികൃതിയായി മാറി. ആദിസൃഷ്ടി കർമ്മത്തിൽ പരിശുദ്ധാത്മാവ് പൊരുന്നി ആവസിച്ച് പാഴും ശൂന്യവുമായിരുന്നിടത്ത് രൂപവും ക്രമവും ഉള്ള പ്രകൃതി ഉളവായി. മനുഷ്യനും പ്രകൃതിക്കും വന്ന വൈകല്യം തീർക്കാൻ രൂപാന്തരം നൽകുന്ന പരിശുദ്ധാത്മാവ് വീണ്ടും ആവസിക്കണം. ഈ പുനഃസൃഷ്ടികർമ്മം ക്രിസ്തുവിൽ പരിശുദ്ധാത്മാവു മുഖാന്തിരം പിതാവാംദൈവം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിന് നാം നമ്മെത്തന്നെയും ഈ പ്രപഞ്ചത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ്. ഈ നന്ദിയർപ്പണ വീക്ഷണ (eucharistic perspective) മാണ് എല്ലാ കൂദാശാനുഷ്ഠാനങ്ങളെ സംബന്ധിച്ചും പൗരസ്ത്യ സഭകളുടെ അടിസ്ഥാന ധാരണ.

### വിശ്വവീക്ഷണം

മുൻചൊന്ന സംഗതികളിൽ നിന്നും വി. കൂദാശകളെ സംബന്ധിച്ച് ഒരു വിശ്വവീക്ഷണം ഉരുത്തിരിഞ്ഞുവരുന്നതായി കാണാം. "മണ്ണിൻവിളവുകൾ പട്ടക്കാരൻ കാഴ്ചയണ"യ്ക്കുമ്പോൾ മനുഷ്യജീവനെ മാത്രമല്ല ഈ പ്രപഞ്ചത്തെ ആകമാനമാണ് രൂപാന്തരത്തിനായി സമർപ്പിക്കുന്നത്. ദീപം, ധൂപം, ജലം, തൈലം, ഭോജ്യം എന്നീ വളരെ ലളിതമായ പ്രപഞ്ച വസ്തുക്കൾ ദൈവസന്നിധിയിൽ സമർപ്പിച്ച് അതിശ്രേഷ്ഠമായ ദൈവികജീവനിൽ നാമും പ്രപഞ്ചവും പങ്കാളികളാവുകയാണ്. വീണ്ടെടുപ്പും തേജസ്ക്കരണവും മനുഷ്യനു മാത്ര

മല്ല അവനിലൂടെ ഈ പ്രപഞ്ചത്തിനും ഉണ്ടെന്ന അതിശ്രേഷ്ഠമായ ഒരു ദർശനം വി. പൗലോസ് നൽകുന്നുണ്ടല്ലോ (റോമ. 8:19–23); "സൃഷ്ടി ദ്രവത്വത്തിന്റെ (ദ്രവത്വത്തോടു ചേർന്നു വരുന്ന) ദാസ്യത്തിൽ നിന്ന് വിമോചിതമായി ദൈവമക്കളുടെ തേജസ്സിന്റെ (തേജസ്സോടു ചേർന്നു ലഭിക്കുന്ന) സ്വാതന്ത്ര്യത്തിലേക്ക് നയിക്കപ്പെടും." സഭയുടെ വി. കൂദാശകൾ മാനവികതലത്തെ മാത്രമല്ല ഉൾക്കൊള്ളുന്നത്, സമസ്ത പ്രപഞ്ചത്തേയുമാണ്. ഇവിടെ വ്യക്തിയുടെ രക്ഷയുടെ പ്രാധാന്യം നഷ്ടപ്പെടാതെ കൂദാശകൾക്ക് ഒരു വിശ്വമാനം കൈവരുന്നു.

### ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പ്രസക്തി

വി. കൂദാശകളെ സംബന്ധിച്ച പൗരസ്ത്യ സമീപനം കർത്താവിന്റെ മനുഷ്യാവതാരത്തെ അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയിട്ടുള്ളത്. "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു." ഇവിടെ ദൈവവും, മനുഷ്യനും, പ്രകൃത്യാതീതവും പ്രകൃതിയും, അദ്ധ്യാത്മികവും ഭൗതികവും തമ്മിലുള്ള അകലം അവസാനിച്ച് വേർപാടിന്റെ നടുച്ചുവർ പൊളിഞ്ഞ് ക്രിസ്തുവിൽ പരസ്പര സംബന്ധത്തിൽ സമാശ്ലേഷിച്ച് നിൽക്കുന്നതു കാണാം. മനുഷ്യാവതാരം ഈ ശരീരത്തിലായിരുന്നു. ശരീരമാകട്ടെ ഈ പ്രപഞ്ചത്തെയും ഉൾക്കൊള്ളുന്നു. കർത്താവു രക്ഷിച്ചതും രൂപാന്തരപ്പെടുത്തിയതും ശരീരത്തെയും കൂടിയാണ്. പുനരുത്ഥാനത്തിൽ കാണുന്ന ശരീരത്തിന്റെ തേജസ്സിലുള്ള രൂപാന്തരം പ്രപഞ്ചത്തിന്റെ തന്നെ രൂപാന്തരത്തിന്റെ നാന്ദിയും ആദ്യഫലവുമാണ്. മനുഷ്യാവതാരവും പുനരുത്ഥാനവും യാഥാർത്ഥ്യമെങ്കിൽ വി. കൂദാശകളിലൂടെ കർത്തൃസന്നിധിയിൽ സമർപ്പിക്കുന്ന കാഴ്ചകൾക്കും രൂപാന്തരം സംഭവിക്കുന്നു.

### കൂദാശകളുടെ നിർവചനവും എണ്ണവും

വി. കൂദാശകൾ എന്നാൽ എന്ത്? വി. കൂദാശകൾ എത്ര? ഏവ? ഈ ചോദ്യങ്ങൾക്ക് ഉത്തരമായി, കൂദാശകൾക്ക് നിർവ്വചനവും എണ്ണവും നൽകുന്ന രീതി പാശ്ചാത്യ സഭാവിശ്വാസപഠനത്തിൽ രൂപപ്പെട്ടുണ്ടായതാണ്. 'അദൃശ്യ കൃപകളുടെ ദൃശ്യോപാധികൾ ആകുന്നു കൂദാശകൾ' എന്ന വി. അഗസ്തീനോസിന്റെ നിർവ്വചനം ആണ് ഇന്നും പാശ്ചാത്യ സഭകളിൽ നിലവിലിരിക്കുന്നത്. പല പൗരസ്ത്യ സഭകളും ഒരു ഘട്ടത്തിൽ ഈ നിർവ്വചനം സ്വീകരിച്ചിരുന്നതായി കാണാം. മലങ്കര ഓർത്തഡോക്സ് സഭയിൽ അടുത്തകാലം വരെ സണ്ടേസ്ക്കൂൾ പാഠാവലിയായി സ്വീകരിച്ചിരുന്ന 'മതോപദേശസാരങ്ങൾ' എന്ന ഗ്രന്ഥത്തിൽ ഈ നിർവ്വചനം കാണുന്നത് ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ. എന്നാൽ ഇന്ന് പൗരസ്ത്യ സഭകൾ എല്ലാം തന്നെ ഇത് തിരുത്തിയിട്ടുണ്ട്.

വി. രഹസ്യങ്ങളെ സംബന്ധിച്ചുള്ള സഭയുടെ വിശ്വാസം നിർവ്വചനങ്ങളിൽ ഒതുക്കാൻ കഴിയുകയില്ല. അദൃശ്യകൃപകളുടെ (invisible grace) ദൃശ്യോപാധികൾ (visible means) എന്നോ ദൃശ്യസൂചകങ്ങൾ (visible signs) എന്നോ നിർവചിച്ച് കൂദാശകളുടെ അർത്ഥം സങ്കുചിതപ്പെടുത്താൻ പാടുള്ളതല്ല. മനുഷ്യന്റെ ആത്മരക്ഷയ്ക്കായി പ്രകൃതിയിൽ നിന്നുള്ള വസ്തുക്കളെ ഉപാധികളാക്കിയെടുക്കുകയല്ല, ദൈവസാന്നിധ്യം കൊണ്ടു നിറഞ്ഞ ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും രൂപപ്പെടുത്തിയെടുക്കുവാൻ നമ്മെയും പ്രപഞ്ചത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ്. പ്രപഞ്ചം ഇവിടെ ഉപാധിയോ, സൂചകമോ ആവുകയല്ല; ദൈവതേജസ്സിലേക്ക് രൂപാന്തരപ്പെടുകയും ദൈവസാന്നിധ്യം കൊണ്ട് നിറയുകയുമാണ്. വി. രഹസ്യങ്ങളിലൂടെ മനുഷ്യനും പ്രപഞ്ചവും ചേർന്ന് രൂപാന്തരപ്പെട്ട് വളരുകയും ക്രിസ്തുവിൽ ദൈവം പൂർത്തീകരിച്ച വീണ്ടെടുപ്പിൽ പങ്കുചേരുകയും ചെയ്യുന്നു എന്ന സമഗ്ര ദർശനം കൂദാശകളെ സംബന്ധിച്ച പൗരസ്ത്യ സങ്കല്പത്തിൽ സുപ്രധാനമാണ്.

കൂദാശകളുടെ എണ്ണത്തെ സംബന്ധിച്ചും ഒരു വാക്കു സൂചിപ്പിക്കട്ടെ. പൗരസ്ത്യ സഭകൾ വി. സ്നാനം, വി. മൂറോനഭിഷേകം, വി. കുർബാന എന്നിവയെയാണ് വി. രഹസ്യങ്ങൾ എന്നു പ്രധാനമായും വിളിക്കുന്നത്. സഭയ്ക്ക് ഏഴു കൂദാശകൾ ഉണ്ട് എന്നു പറയുമ്പോഴും മറ്റു പല കൂദാശകളുടെയും ശുശ്രൂഷാക്രമം നിലവിലുണ്ട്. സഭയിലെ എല്ലാ അനുഷ്ഠാനങ്ങളും കൗദാശികമാണ്. അതുകൊണ്ട് കൂദാശകളെ എണ്ണി പരിമിതപ്പെടുത്താനാവില്ല.

### അടിസ്ഥാനപ്രമാണങ്ങൾ കണ്ടെത്തുക

വി. കൂദാശകളെ സംബന്ധിച്ച പാശ്ചാത്യസഭകളുടെ സമീപനത്തിൽ, റോമൻ കത്തോലിക്കാ സഭയുടേതായാലും പ്രൊട്ടസ്റ്റന്റ് സഭകളുടേതായാലും, അടിസ്ഥാനപരമായി കാണുന്ന പ്രശ്നം ആദ്ധ്യാത്മികം – ഭൗതികം, ആത്മാവ് – പദാർത്ഥം (ശരീരം), വിശുദ്ധം – ലൗകികം, പ്രകൃത്യാതീതം – പ്രകൃതി എന്നിവകൾ തമ്മിലുള്ള പൊരുത്തമില്ലായ്മയാണ്. പാശ്ചാത്യ ക്രൈസ്തവ ചിന്തയുടെ പശ്ചാത്തലത്തിൽ കാണുന്ന ഗ്രീക്കുദർശനം, ഗ്രേക്കോ – റോമൻ സംസ്ക്കാരം എന്നിവയിൽ വേരൂന്നിയിട്ടുള്ള ആത്മാവും പദാർത്ഥവും തമ്മിലുള്ള ദ്വന്ദാത്മകത (dualism) ഒരളവുവരെ പാശ്ചാത്യ ക്രൈസ്തവ ചിന്തയെ സ്വാധീനിച്ചിട്ടുണ്ട്. ഇന്ന് നമുക്കാവശ്യമായിരിക്കുന്നത് പൗരസ്ത്യ – ഭാരതീയ പൈതൃകത്തിൽ ഉറച്ചു നിൽക്കാൻ കഴിയുംവിധം ക്രിസ്തീയ ആരാധനയുടെയും കൂദാശകളുടെയും അടിസ്ഥാനപ്രമാണങ്ങൾ കണ്ടെത്തുകയെന്നതാണ്. ഇതിലേക്ക് ഓർത്തഡോക്സ് സഭയുടെ കൂദാശകളും ആരാധനയും ഒരു മാതൃകയായി അംഗീകരിക്കാവുന്നതാണ്. സിറിയാ, എത്യോപ്യാ, അർമ്മീനിയാ, ഈജിപ്ത്, റഷ്യ, റുമേനിയ, ഗ്രീസ് തുടങ്ങിയ ദേശങ്ങളിൽ ഒരളവുവരെ സ്വതന്ത്രമായി വളർന്നു നിലനിന്ന ഓർത്തഡോക്സ് സഭകളുടെ ആരാധനകളിൽ വേദാധിഷ്ഠിതവും, പൗരസ്ത്യവും എന്നു വിശേഷിപ്പിക്കാവുന്ന ഒരു പൊതു ഘടകം നഷ്ടപ്പെടാതെ ഇന്നും നിലനിൽക്കുന്നുണ്ട്. ഈ പൊതുചിന്താധാര ഇഴതിരിച്ചെടുക്കാനുള്ള ഒരു എളിയ ശ്രമമാണ് ഇവിടെ ചെയ്തിട്ടുള്ളത്.

## സഭാകേസുകൾ

## പെങ്ങാമുക്ക് പള്ളി മലങ്കര ഓർത്തഡോക്സ് സഭയ്ക്കു

1934 ഭരണഘടനാ അനുസരിച്ചുള്ള മലങ്കര മെത്രാപ്പോലീത്തായാൽ നിയമിതനായ മെത്രാപ്പോലീത്താ നിയമിക്കുന്ന വികാരിക്കു മാത്രമെ പള്ളിയിൽ ആരാധന നടത്താൻ കഴിയൂ. ഈ വികാരിക്കു മുമ്പിൽ മാത്രമെ ആളുകൾ കുമ്പസാരിക്കുവാൻ പാടുള്ളൂ. ഈ വികാരിക്കു മാത്രമേ പള്ളിയിൽ തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കൂ.

പള്ളിയും, സെമിത്തേരിയും 1934 ഭരണഘടനാ പ്രകാരം തിരഞ്ഞെടുത്ത പള്ളി മാനേജിംഗ് കമ്മറ്റിയുടെ നിയന്ത്രണത്തിലായിരിക്കും. ഈ മാനേജിംഗ് കമ്മറ്റിയുടെ തീരുമാനത്തിനനുസരിച്ചു മാത്രമേ പള്ളിയും, സെമിത്തേരിയും. പ്രവവത്തിക്കാൻ സാധിക്കുള്ളൂ.

പള്ളിയിൽ സമാന്തര ഭരണം അനുവദിക്കാനാവില്ല. വിഘടിത വിഭാഗം തങ്ങളുടെ ആരാധനക്കുവേണ്ടി മുന്ന് മാസത്തിനുള്ളിൽ പകരം സംവിധാനം ഏർപ്പെടുത്തണം.



**അങ്കമാലി ഭദ്രാസനത്തിലെ കുന്നക്കുരുടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന തൃക്കളത്തൂർ കൺവൻഷൻ ഭദ്രാസന മെത്രാപോലീത്ത യൂഹാനോൻ മാർ പോളികാർപോസ് ഉദ്ഘാടനം ചെയ്യുന്നു.**



**അടൂർ കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്ത**
**സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തയ്ക്ക്**
**ജന്മദിന ആശംസകൾ**
**മാർച്ച് 11**

കഴിഞ്ഞ ലക്കം ന്യൂസ് ബുള്ളറ്റിനിൽ ,ഫാ. ജോൺസൺ പുഞ്ചക്കോണത്തിന്റെ ‘ഇത് കൂദാശയോ ഭാഷാ പരേഡോ’ എന്ന ലേഖനത്തിന്റെ അനുബന്ധമായി നൽകിയ ഫോട്ടോ ആ ലേഖനവുമായി യാതൊരുവിധ ബന്ധവും ഇല്ലാത്തതാണ്. അത്തരം ഒരു പിശക് സംഭവിച്ചതിൽ ഖേദം അറിയിക്കുന്നു.

– മാധ്യമ സമിതി






## Shubkono

This year , the Shubkono Service of the Lenten Season was held on 4th March, 2019. H.G. Dr.Geevarghese Mar Yulios, was the chief celebrant. Thirumeni spoke on the importance of showing compassion to others and being humble in the presence of God. A few members from St.George Orthodox Cathedral, Nagpur were also present. Shubkono service is a symbolic representation of being reconciled with our fellow brethren.“ “Satsangh“The second Satsangh of the second semester was held on 26th February, immediately after the evening prayer in the chapel. The Guest for the Day was Rev. Fr. Mathai Alankott. Achen was the first ordained deacon of STOTS. After retirement from his parish ministry at Sacramento near Sanfrancisco, Achen is presently running a retirement home at Mezhuveli, Kerala. He shared his experiences of his mission work at Makkodia Mission near Itarsi and also at Samath Pippriya Mission near Jabalpur which was a joint venture of St. Thomas Mission Bhilai and St. Thomas Orthodox Seminary. “ “The 3rd Satsangh of second semester was held on 27th February. The guest for the day was Rev. Dr. Ajith Kumar, Director, Shanthi Ashram, Dehegaon. His sharing was enlightening to see the valuable insights of other scriptures also. He spoke about “Satsangh” and the inculturated methodology of evangelization in India.“ “The 4th Satsangh of Second semester was conducted with H.G. Dr. Geevarghese Mar Yulios on 6th March 2019, immediately after the evening prayers at STOTS Chapel. His Grace gave a very meaningful devotional interpretation of the Bhajagovindam of Shri Sankaracharya. “ These Sathsangh meetings proved very meaningful for the seminary family.



പരിയാരം മാർ അപ്രേം പള്ളിയിൽ ഭൂലോക മൽപാനായ മാർ അപ്രേം പിതാവിന്റെ ഓർമപ്പെരുനാളിനു കൊടിയേറി



# തൊട്ടുണർത്തേണ്ട ഒരു വ്യാധിക്കാലം

## (ലൂക്കോ. 4:40-41, 5:12-16, )

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

ഗുരുസ്പർശത്തിന്റെ കുളിരാണ് അയാളെ ഉണർത്തുന്നത്. കുഷ്ഠരോഗത്തിന്റെ തീവ്രതയിൽ സ്പർശം പോലും അറിയാത്ത ഒരാളായിരിക്കാമത്. *കുഷ്ഠമുള്ളവർ കീറിയ വസ്ത്രം ധരിക്കുകയും മുടി ചീകാതിരിക്കുകയും മേൽചുണ്ട് തുണികൊണ്ട് മറയ്ക്കുകയും അശുദ്ധൻ,അശുദ്ധൻ എന്ന് വിളിച്ചുപറയുകയും വേണം. അവൻ കൂടാരത്തിൽ വെളിയിൽ ഒരു പാർപ്പിടത്തിൽ ഏകനായി വസിക്കണം(ലേവ്യ 13:45-46) എന്നിങ്ങനെയുള്ള മോശൈക നിയമങ്ങളുടെ കാർക്കശ്യം അതിലംഘിച്ചാണ് ഈ രോഗി യേശുവിലേക്ക് എത്തുന്നത് എന്ന് നാം ഓർക്കണം.* തൊട്ടാലറിയാത്തവനെ തൊട്ടുണർത്തുവാൻ മിശിഹാ തമ്പുരാനെ സാധിക്കുമായിരുന്നുള്ളൂ. ഒന്നും സ്പർശിക്കാത്ത ഒരു കാലത്തെയാണ് യേശു ഉണർത്തുന്നത്. കാലത്തിന് കുഷ്ഠം ബാധിക്കുന്നതാവാം. ഒരു നിലവിളിക്കും ഉത്തരം നൽകാത്തവണ്ണം അത് ഉപേക്ഷിക്കപ്പെടുകയാണ്. ദൈവനഗരത്തിലും ദൈവീകസമൂഹത്തിലും പ്രവേശനമില്ലാത്ത,മറ്റുള്ളവരിൽ നിന്ന് *ആറടിയകലം* പാലിക്കേണ്ട ഒരുവനേപോലെ പഴയനിയമം എല്ലാറ്റിൽ നിന്നും അന്യമാകുമ്പോൾ രക്ഷയുടെ മിശിഹാകാലം ആരംഭിക്കുകയായി.



### 1. സൃഷ്ടാവിന് വിധേയപ്പെടുമ്പോൾ സൃഷ്ടി പരിവർത്തനപ്പെടും

ഒരാൾ തന്റെ സൃഷ്ടാവിനെ അറിയുന്നതിനെക്കാൾ ശ്രേഷ്ടമായത് മറ്റൊന്നുമില്ല. അതുകൊണ്ടാവണം ദൈവത്തിൽ ആശ്രയിപ്പാൻ പിതാക്കന്മാർ നമ്മെ പഠിപ്പിച്ചത്. *ബാറാസിറായുടെ*(38:9) പുസ്തകത്തിൽ ഇപ്രകാരം കാണുന്നത്, മകനേ രോഗം വരുമ്പോൾ ഉദാസീനനാകതെ കർത്താവിനോട് പ്രാർത്ഥിക്കുക; അവിടുന്ന് നിന്നെ സുഖപ്പെടുത്തും. തോബിത്തിന്റെ പുസ്തക വായനയിൽ സാറായെ സൗഖ്യമാക്കാനെത്തുന്ന മാലാഖയുടെ പേര് റഫായേൽ (Raphael = God heals) എന്നാണ്. ദൈവം സുഖപ്പെടുത്തുന്നു എന്നാണ് ഈ പേരിന്റെ അർത്ഥം. രോഗികൾ ദൈവീകരായ വ്യക്തിത്വങ്ങളുടെ പ്രാർത്ഥന തേടുന്നതും അക്കാലത്ത് പതിവുണ്ടായിരുന്നു. ഒന്നോർത്താൽ എന്ത് നഷ്ടപ്പെടുന്നുവോ, ആ ക്ഷതങ്ങളിലൂടെ തിരികെ വരാനായിരിക്കാം യേശു കുഷ്ഠരോഗിയെ തൊടുന്നത്. അശുദ്ധിയുള്ള അധരങ്ങളെ ചൊല്ലി വിലപിച്ച യെശയ്യാവിനെ അധരത്തിൽ തീക്കനൽ കൊണ്ട് സ്പർശിച്ചത് പോലെയായിരുന്നു അത്. സ്പർശനശേഷി നഷ്ടപ്പെട്ടവനെ തൊട്ടുണർത്തുന്നു.

ഈ കുഷ്ഠരോഗിയുടെ കടന്നവരവും,സമർപ്പണവും നമ്മെ പശ്ചാത്താപ വിവശരാക്കണം. അയാളുടെ (1) ആവശ്യബോധവും (2) വിനയാന്വിതമായ സമീപനവും (3) വിശ്വാസവും (4)ദൈവ കാരുണ്യത്തിലുള്ള പ്രത്യാശയും വളരെ വലുതായിരുന്നു. മനസ്സുണ്ടെങ്കിൽ എന്നെ സൗഖ്യമാക്കണമെന്ന വാക്കുകളിൽ ആത്മീയതയുടെ ആഴങ്ങൾ തിരയടിക്കുന്നുണ്ട്. മരിച്ചവരുടെ ഒക്കെ ഗണത്തിൽ കാലം വിധിയെഴുതിയവനാണ് ജീവിതത്തിലേക്ക് തിരികെ വരുന്നത്. സൃഷ്ടാവിനെ വണങ്ങി കീഴടങ്ങുമ്പോൾ സൃഷ്ടി പരിവർത്തനപ്പെടുമെന്നത് ഈ രോഗിയിൽ കാണാവുന്നതാണ്. നിങ്ങൾ എന്നെ അന്വേഷിക്കും പൂർണ്ണഹൃദയത്തോടെ എന്നെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തുമെന്ന *യിരമ്യാ*പ്രവചനം(29:13) ഇവിടെ നിറവേറുകയാണ്.

### 2. നിന്നെ തന്നെ പുരോഹിന് കാണിക്കുക...

ക്രിസ്തു, *നിന്നെ തന്നെ പുരോഹിതന് കാണിക്കുകയെന്ന് പറയുന്നതിലൂടെ താൻ മോശയെക്കാൾ ശ്രേഷ്ഠനാണെന്ന് വിശ്വസനീയമായി ബോധ്യപ്പെടുത്തുകയായിരുന്നുവെന്ന് അലക്സാന്ത്രിയായിലെ സിറിൽ* എഴുതിയിട്ടുണ്ട്. പുരോഹിതന്മാർ പറഞ്ഞതും പരിഹസിച്ചതും മശിഹായെക്കാൾ വലിയവനാണ് മോശ എന്നായിരുന്നല്ലോ. മിര്യാമിന് കുഷ്ഠം ബാധിക്കുമ്പോൾ മോശ ഉന്നതങ്ങളിലെ കൃപ യാചിക്കുകയും ഏഴു ദിവസത്തിനുശേഷം ശുദ്ധീകരണം അഥവ സൗഖ്യം നേടുകയും ചെയ്തു(സംഖ്യ 12: 10-15). എന്നാൽ മശിഹായെ സമീപിച്ചവൻ ഉടൻ സൗഖ്യം പ്രാപിച്ചു. മോശയിലൂടെ വാഗ്ദത്തം ഉയരങ്ങളിൽ നിന്ന് പ്രാപിച്ചവർദീർഘമായ കാലം നിവർത്തി പ്രാപിക്കാതെ ഇരുന്നുവെങ്കിലും മശിഹായെ സമീപിക്കുന്നവർ രക്ഷയുടെ സൗഖ്യക്കാലത്തേക്ക് പ്രവേശിക്കുമെന്ന് സൂചിപ്പിക്കപ്പെടുന്നു.

നിയമത്തെയോ,പ്രവാചകന്മാരെയോ നീക്കിക്കളയാൻ വന്നിരിക്കുന്നുവെന്ന് നിങ്ങൾ വിചാരിക്കേണ്ട; നീക്കുവനല്ല നിവർത്തിപ്പിനാത്രേ ഞാൻ വന്നിരിക്കുന്നത് (മത്ത 5: 17) എന്ന് യേശു അരുളിച്ചെയ്തത് പലരും മറന്നിരിക്കുന്നു. കർത്താവ് നിയമങ്ങൾക്ക് എതിരല്ലായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നുണ്ട്. യേശു അടിസ്ഥാന തത്ത്വങ്ങൾക്ക്(ഘമം ീള ഠീഹമൃ ഏൗീഗി)എതിരല്ലയിരുന്നു.ശാബത്താചരണം വഴിതെറ്റുമ്പോൾ അവൻ അതിന് ദിശാബോധം പകർന്നു.

### 3. സാന്ത്വനശുശ്രൂഷയുടെ രഹസ്യാത്മകത

നമ്മുടെ സഹായങ്ങളെല്ലാം ആശ്വാസകരമാകേണ്ടതായിരുന്നു. എന്നിട്ടും അതിലൂടെ പേരും പ്രശസ്തിയും നേടുവാനുള്ള ശ്രമം തന്നെ എത്രമാത്രം ഹിംസാത്മകമാണ്. അന്നത്തിനുള്ള ഏതാനും കിലോ അരി പരസ്യമായി വിതരണം ചെയ്യുവാൻ ശഠിക്കുന്ന അത്ര ബാലിശമാണ് നമ്മുടെ രീതികൾ. ക്രിസ്തു സൗഖ്യമായവനോട് *ഇത് ആരോടും പറയരുത്* എന്ന് കൽപ്പിക്കുന്നു.സുകൃതങ്ങൾ കൊണ്ട് നമ്മുടെ പ്രശസ്തിയെ ഉയർത്തുന്നത് ഹിംസാത്മകമാണ്.

മനുഷ്യമനസാക്ഷിയിൽ പതിച്ച സ്വാർത്ഥതയുടെ കാരമുള്ള് പറിച്ചെടുക്കുവാൻ പ്രേരിപ്പിക്കുന്നതാണ് കർത്താവിന്റെ ശുശ്രൂഷയുടെ രഹസ്യാത്മകത. ഒരാൾ രോഗിയായി തീരുമ്പോൾ അയാളെ മരിച്ചവനാക്കി തീർക്കുന്ന സംസ്കാരത്തെ കർത്താവ് തകർക്കുകയാണ്. യഥാർത്ഥത്തിൽ മരണത്തെക്കാൾ ഭീകരമായി മനുഷ്യനിൽ മരിച്ചുപോവുന്ന മൂല്ല്യങ്ങളുടെയും മനുഷ്യസത്തയുടെയും അഭാവത്തെ ശുശ്രൂഷകൊണ്ട് പൂരിപ്പിക്കുകയാണ് കർത്താവ്. എപ്പോഴും ആർക്കും സമീപിക്കുവാൻ കഴിയുന്ന ഗുരുവായി അവിടുന്ന്. സാധരണയായി ആത്മീയപോഷണത്തോടൊപ്പം സൗഖ്യവും നൽകുന്നവരെ യഹൂദർ ഗുരു എന്ന് വിളിച്ചിരുന്നു. സാന്ത്വനശുശുഷാ എത്രമാത്രം ഒരു ഗുരുവിനെ ജനകീയനാക്കുന്നുവെന്നതും ഇവിടെ വ്യക്തമാണ്. ആളുകൾക്ക് സമീപസ്ഥമായ ഈ മൂല്ല്യം നവക്രൈസ്തവ സാരഥികൾക്ക് നഷ്ടമാകുന്നതല്ലാതെ മറ്റെന്താണ് വലിയ ദുരന്തം. സത്യത്തിൽ ക്രിസ്തു തൊട്ടുണർത്തേണ്ട ഒരു വ്യാധിക്കാലത്താണ് നാം. ക്രിസ്തു സ്പർശവും, സാന്ത്വനവുമൊന്നും തിരിച്ചറിയാത്ത ആത്മീയ ഇന്ദ്രിയങ്ങൾ പ്രവർത്തനക്ഷമമല്ലാത്ത ഈക്കാലത്ത് യേശു നമ്മെ തൊട്ടുണർത്തട്ടെ.

❑

## ഓസ്ട്രേലിയ ടൂവൂമ്പയിൽ മലങ്കര ഓർത്തഡോക്സ് സഭക്ക് പുതിയ കോൺഗ്രിഗേഷൻ

ബ്രിസ്ബേൻ: മലങ്കര ഓർത്തഡോക്സ് സഭ ക്യൂൻസ്ലാൻഡിലെ ടൂവൂമ്പയിൽ പരിശുദ്ധനായ വട്ടശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് പിതാവിൻറെ നാമത്തിൽ ഒരു പുതിയ കോൺഗ്രിഗേഷൻ ആരംഭിച്ചു. ഇടവക മെത്രാപ്പോലിത്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് തിരുമനസിൻറെ അനുവാദത്തോടെ 2018 ജൂൺ മുതൽ എല്ലാ മാസവും ബ്രിസ്ബേൻ സെൻറ്. ജോർജ് ഇടവക വികാരി ഫാ. അജീഷ് വി. അലക ്സിൻറെ നേതൃത്വത്തിൽ പ്രാർത്ഥനാ യോഗം നടന്നു വരുന്നു. പരിശുദ്ധ വട്ടശേരിൽ തിരുമേനിയുടെ പെരുന്നാളിനോട് അനുബന്ധിച്ച് 2019 മാർച്ച് 2-ാം തീയതി വികാരി ഫാ. അജീഷ് വി. അലക്സ് കോൺഗ്രിഗേഷനിലെ ആദ്യത്തെ വിശുദ്ധ കുർബാന അർപ്പിക്കുകയും അഭിവന്ദ്യ തിരുമേനിയുടെ ആശീർവാദ കൽപന വായിക്കുകയും ചെയ്തു. തുടർന്ന് നടന്ന യോഗത്തിൽ കത്തോലിക്ക ഇടവക വികാരി ഫാ. തോമസ് അരീക്കുഴി ആശംസാ പ്രസംഗം നടത്തി. സഹോദരീ സഭകളിലെ അംഗങ്ങളും പെരുന്നാൾ കുർബാനയിൽ സംബന്ധിച്ചു. സെക്രട്ടറി ശ്രീ. ജെയ്സൺ പാറക്കൽ ജോണി, ശ്രീ. മിഥുൻ പീറ്റർ , ശ്രീ. നിബിനു ടോം അലക്സ് , ശ്രീ. ജോബിൻ ജോൺ, ശ്രീ. ജിബി മാത്യൂസ് ജോർജ്, ശ്രീ. ആഷോൺ ഡോൺ, ശ്രീ. അലക്സ്, ശ്രീ. എൽദോ, ശ്രീ. ജോഫിൻ കോര, ശ്രീമതി ടിൻറു ജെനിൻ എന്നിവർ കമ്മിറ്റി അംഗങ്ങളായി പ്രവർത്തിക്കുന്നു.

ഡലിൗല: ടേ. ഖീവി'റ ജൃലയ്യൈല്യേശമി ഇവൗൃരവ, ഇീിലൃ ഇൃമ്ംഹലൃ & ഏലററലെ ടൃേലലഭ, ടീൗവേ ഠീംീീയമ, ഝഘഉ 4350, അൗൃേമഹശമ.

## നിലയ്ക്കൽ ഭദ്രാസന സുവിശേഷസംഘം വലിയ നോമ്പിലെ ധ്യാനയോഗങ്ങൾ

റാന്നി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ വലിയനോമ്പിൽ നടത്തപ്പെടുന്ന ഡിസ്ട്രിക്ട്തല ധ്യാന യോഗങ്ങൾ മാർച്ച് 8-ന് ആരംഭിക്കും. മാർച്ച് 8-ന് പാടിമൺ സെന്റ് ഗ്രീഗോറിയോസ് പള്ളിയിലും മാർച്ച് 15-ന് തോണിക്കടവ് മാർ ഗ്രീഗോറിയോസ് പള്ളിയിലും മാർച്ച് 22-ന് പുഞ്ചവയൽ സെന്റ് മേരീസ് പള്ളിയിലും മാർച്ച് 29 -ന് പൂവന്മല സെന്റ് ജോർജ്ജ് പള്ളിയിലും ഏപ്രിൽ 5-ന് വയലത്തല മാർ സേവേറിയോസ് സ്ലീബാ വലിയപള്ളിയിലും വച്ചാണ് ധ്യാന യോഗങ്ങൾ നടത്തപ്പെടുന്നത്. എല്ലാ യോഗങ്ങളിലും വൈകിട്ട് 6 മണിക്ക് സന്ധ്യാനമസ്കാരവും 6.45-ന് ഗാനശുശ്രൂഷയും 7 മണിക്ക് വചനശുശ്രൂഷയും ആരംഭിക്കും.






Dr. Geevarghese Mar Yulios elected as the New Chairman of Henry Martin Institute, Hyderabad

## നിലയ്ക്കൽ ഭദ്രാസന വൈദിക ധ്യാന യോഗവും ശുബ്ക്കോനോ ശുശ്രൂഷയും

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന വൈദിക സംഘത്തിന്റെ വലിയ നോമ്പിലെ ധ്യാനവും ശുബ്ക്കോനോ ശുശ്രൂഷയും മാർച്ച് 4-ന് തിങ്കളാഴ്ച രാവിലെ 8.30 മുതൽ അയിരൂർ, മതാപ്പാറ സെന്റ് തോമസ് വലിയപള്ളിയിൽ വച്ച് നടത്തപ്പെടുന്നു. ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ബ്രഹ്മവാർ ഭദ്രാസനാധിപൻ അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്ത ധ്യാനം നയിക്കുന്നതാണ്.

"സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

**– പ. പരുമല തിരുമേനി**



കേരള സർവ്വകലാശാലയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ നാൻസി നൈനാൻ (ചാത്തന്നൂർ)





പുനരുദ്ധരിച്ച പഴഞ്ഞി കത്തീഡ്രലിന്റെ കൂദാശ യോടനുബന്ധിച്ച് 03/03/2019 –ന് നടന്ന പൊതുസമ്മേളത്തിൽ നിന്നും...



പുനരുദ്ധരിച്ച പഴഞ്ഞി കത്തീഡ്രലിലെ വി.യോഹന്നാൻ മാംദ്ദാനയുടെ നാമധേയത്തിലുള്ള കൽക്കുരിശിന്റെ പുനരുദ്ധാരണ കൂദാശ അഭി.ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമനസ്സുകൊണ്ട് 2019 മാർച്ച് – 2 ന് നിർവ്വഹിക്കുന്നു. നാനാജാതി മതസ്ഥർ ഉൾക്കൊള്ളുന്ന ആശുപത്രി റോഡ് പെരുന്നാൾ സംഘമാണ് 2008 മെയ് 9 ന് കൽക്കുരിശ് വഴിപാടായി സമർപ്പിച്ചത്.

## പുസ്തകം




വിശുദ്ധ വേദഗ്രന്ഥമായ ബൈബിളിലെ അർത്ഥസാന്ദ്രമായ സന്ദർഭങ്ങളെ ധ്യാനമനങ്ങളിലൂടെ പൊലിപ്പിച്ചെടുത്ത് അനുവാചക മനസ്സിൽ പ്രതിഷ്ഠിക്കുന്ന വചനവിചാരങ്ങളുടെ സമാഹാരം. കൊച്ചി ഭദ്രാസനാധിപന് ഡോ. യാക്കോബ് മാർ ഐറേനിയോസ് രചിച്ച പുതിയ പുസ്തകം.



## വിവാഹ സഹായധനം വിതരണം ചെയ്തു

കോട്ടയം: സമൂഹത്തിൽ വേദന അനുഭവിക്കുന്നവരുടെ കണ്ണീരൊപ്പുവാൻ കഴിയുമ്പോഴാണ് ക്രൈസ്തവ ധർമ്മം പ്രാവർത്തികമാകുന്നതെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വിവാഹസഹായവിതരണത്തിൻറെ രണ്ടാംഘട്ടം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

നീതി നിഷേധിക്കപ്പെട്ട ഈ സമൂഹത്തിൽ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് ഉത്തമമെന്നും അദ്ദേഹം പറഞ്ഞു. പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാളിനോടനുബന്ധിച്ച് പരുമലയിൽ വെച്ചാണ് ആദ്യ ഘട്ടം വിതരണം ചെയ്തത്. വിവിധ സമുദായങ്ങളിൽപ്പെട്ട 50 യുവതികൾക്കാണ് സഹായം വിതരണം ചെയ്തത്. സമിതി പ്രസിഡൻറ് ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

ജോസ് കെ. മാണി എം.പി മുഖ്യപ്രഭാഷണം നടത്തി. വൈദിക ട്രസ്റ്റി ഫാ.ഡോ. എം.ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ദേവലോകം അരമന മാനേജർ ഫാ. എം. കെ. കുര്യൻ, വിവാഹ സഹായ സമിതി കൺവീനർ ഏബ്രഹാം മാത്യു വീരപ്പള്ളിൽ, സമിതി അംഗങ്ങളായ ജോൺ സി. ദാനിയേൽ, ജോ ഇലഞ്ഞിമൂട്ടിൽ, സജി കെ., അജു ജോർജ്, കെ.എ. ഏബ്രഹാം, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ഫാ. ജോൺ ശങ്കരത്തിൽ, ജേക്കബ് കൊച്ചേരി, ഷിനു പാറപ്പോട്ട് എന്നിവർ പ്രസംഗിച്ചു.



**കോട്ടയം വൈദീക സെമിനാരിയിലെ ശെമ്മാശൻമാർ ചേപ്പാട് വലിയ പള്ളി സന്ദർശിച്ചു. ഇടവക വികാരി ഫാ കോശി മാത്യു, കൈസ്ഥാനി, ഉമ്മൻ പി വർഗ്ഗീസ്, സെക്രട്ടറി ചാണ്ടി കോശി, ഡീക്കൻ ബിജോയ്, യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് ജിജോ, ശുശ്രൂഷ സംഘം ഭാരവാഹികളായ ജോബിൻ, ജോർജി, ജെറിൻ, ആൽവി എന്നിവർ സ്വീകരിച്ചു. റിജോ ശെമ്മാശൻ നന്ദി പ്രകാശിപ്പിച്ചു. ഫാ.തോമസ് ജോർജ്, ശെമ്മാശക സംഘത്തിനു നേതൃത്വം നൽകി.**

## യുവജനസംഗമം

കോന്നി: കിഴക്കൻ മേഖല ഓർത്തഡോക്സ് കൺവെൻഷനോടനുബന്ധിച്ചുള്ള യുവജനസംഗമം ഡോ സഖറിയാസ് മാർ അപ്രേം തിരുമേനി ഉദ്ഘാടനം ചെയ്തു Fr. ഫെലീക്സ് യോഹന്നാൻ ക്ലാസ് നയിച്ചു. യാക്കോബ് റമ്പാൻ കോറെപ്പിസ്കോപ്പ, ഫാദർ കെ വി പോൾ., ഫാദർ രാജു ഡാനിയൽ, ഫാദർ ജോൺ ഫിലിപ്പോസ്, ഫാദർ ജോൺ വർഗീസ് ഫാദർ മാത്യു പി ദാനിയേൽ, ഫാദർ അലക്സ് മാത്യു ,ഫാദർ സിനോയി.റ്റി.തോമസ് ,ഫാദർ ജിബു സി ജോയി , ജസ് ലിൻ ജോൺസൻ, ജീജി കെ യോഹന്നാൻ, ഷിജു തോമസ്, അനി കിഴക്കുപുറം എന്നിവർ പ്രസംഗിച്ചു



മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്കാ നിധി ശേഖരണം തിരുവനന്തപുരം ഭദ്രാസനതല ഉദ്ഘാടനം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് , അഡ്വ. ബിജു ഉമ്മൻ, ഫാ.പി ജി ജോസ് തുടങ്ങിയവർ സമീപം



## പ്രയർ റോപ്പ് വർക്ക്ഷോപ്പ് നടത്തി

മാവേലിക്കര: മെത്രാസന എം.ജി.ഒ.സി.എസ്.എം. ത്തിന്റെ ആഭിമുഖ്യത്തിൽ പ്രയർ റോപ്പ് വർക്ക്ഷോപ്പ് നടത്തപ്പെട്ടു. പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽ പ്രചാരത്തിലുള്ള പ്രാർത്ഥനാ ചരടുകൾ നിർമ്മിക്കുവാനും അതുപയോഗിച്ചുള്ള പ്രാർത്ഥനകൾ പരിചയപ്പെടുത്തുവാനും വേണ്ടിയിട്ടാണ് ഇത്തരത്തിലൊരു വർക്ക്ഷോപ്പ് ക്രമീകരിച്ചത്. ഹരിപ്പാട് സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ എം.ജി.ഒ.സി.എസ്.എം മെത്രാസന വൈസ് പ്രസിഡൻറ് ഫാ. തോമസ് മാത്യു കൊറ്റമ്പള്ളി യുടെ അധ്യക്ഷതയിൽ നടത്തപ്പെട്ട പരിപാടി മാവേലിക്കര മെത്രാസന P.R.O വർഗീസ് പോത്തൻ ഉദ്ഘാടനം ചെയ്തു.

എം.ജി.ഒ. സി.എസ്.എം മേഖല പ്രസിഡന്റ് ഫാ. വി. തോമസ്, ഇടവക വികാരി ഫാ. അലക്സാണ്ടർ വട്ടക്കാട്, ഭദ്രാസന കൗൺസിൽ അംഗം അനിൽ, എം.ജി.ഒ. സി.എസ്.എം മെത്രാസന സെക്രട്ടറി നികിത് കെ സക്കറിയ ട്രഷറർ ജോമിറ്റ് റ്റി മാത്യു സീനിയർ എക്സിക്യൂട്ടീവ് മെമ്പേർസ് ബിനു തങ്കച്ചൻ, ഷിബി ഡാനിയൽ, അജി അനു, ജോയിന്റ് സെക്രട്ടറിമാരായ സിംജോ സാമുവൽ, എലിസബത്ത് ജി മാത്യു, അനീറ്റ സാം മേഖലാ സെക്രട്ടറിമാരായ കിരൺ തോമസ്, മിറിൻ മാത്യു, സ്റ്റീഫൻ ഡി ഫിലിപ്പ്, മെത്രാസന കമ്മിറ്റി അംഗങ്ങളായ അലീന മാത്യു, ജോബ് ബിജു, ക്രിസ്റ്റൻ ജോർജ്, ഷോൺ ഷാജി, സ്റ്റെഫി സ്റ്റാലിൻ തുടങ്ങിയവർ പങ്കെടുത്തു. ജോഷ് ജോസഫ്, അരുൺ വി റോയ്, സിജോ തുടങ്ങിയവരടങ്ങിയ പ്രയർ റോപ്പ് ടീം ക്ലാസുകൾക്ക് നേതൃത്വം നൽകി. അൻപതിൽപരം വിദ്യാർത്ഥികൾ പങ്കെടുത്തു.




Diamond Jubilee Celebrations OF St Mary's Indian Orthodox Cathedral, Kingdom Of Bahrain



ഐക്കൺ അവാർഡ് വിതരണം തൃക്കുന്നത്ത് സെമിനാരിയിൽ ആലുവ MLA അൻവർ സാദത്ത് നിർവഹിക്കുന്നു. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത, ഫാ. യാക്കാബ് തോമസ്, കുരുവിള ജോർജ്ജ്, ചിക്കു എബ്രഹാം, കുമാരി മേഘ ജോയി എന്നിവർ പ്രസംഗിച്ചു.



MGOCSM കോട്ടയം ഭദ്രാസനത്തിന്റെ ഒഫിഷ്യൽ വെബ്സൈറ്റിന്റെ (www.mgocsmkottayam.org) ഉദ്ഘാടനം ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് കോട്ടയം പാമ്പാടി ദയറായിൽ വെച്ചു നിർവ്വഹിച്ചു.



**News, Advertisements, Wishes Etc...**
**Contact** 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file